കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## അരൂർ ഗ്രാമപഞ്ചായത്ത്

2017-2018

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി13-1672/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ - 688011
തീയതി. 08.02.2019
ഫോൺ - 0477 2252753
ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.
.
.
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരൂർ ഗ്രാമ പഞ്ചായത്ത്
.
.

സർ,

വിഷയം : അരൂർ ഗ്രാമപഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി13-1672/18 തീയതി : 08.02.2019

# ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമ പഞ്ചായത്ത്
# 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള
# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 06.07.2017 മുതൽ 04.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 5.11.2018 മുതൽ 19.11.2018 വരെ | ശ്രീ. വിജയകുമാർ. എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. കെ. എം.പ്രശോഭൻ, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോർജ്ജ് ജോസഫ്, സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പി. സി. രാജിമോൾ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. ബി. രത്നമ്മ | 01.04.2017മുതൽ 31.03.2018വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. ജോജോസ് ബൈജു | 01.04.2017മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. കെ. ആർ. നന്ദകുമാർ | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | ശ്രീമതി. ഉഷാ അഗസ്റ്റിൻ | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. അലക്സ്. എ. എ | 01.04.2017മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ - വിദ്യാഭ്യാസ കാര്യം | ശ്രീമതി. എൻ. എം. സജിത | 01.04.2017മുതൽ 31.03.2018 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. സഞ്ജു സൂസൻ മാത്യു | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. ആര്യ അൽഫോൻസ് | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സ്വപ്ന കരുണാകരൻ<br>ശ്രീമതി. സുനിത ക്ഷപാകരൻ | 01.04.2017മുതൽ 31.10.2017 വരെ<br>01.11.2017 മുതൽ 31.03.2018വരെ |
| 5 | വി.ഇ.ഒ (അത്രൂർ)<br>വി.ഇ.ഒ (ചന്തിരൂർ) | ശ്രീ. അനീഷ്. കെ. ആർ<br>ശ്രീ. പി. എം. അലിയാർ | 01.04.2017മുതൽ 31.03.2018 വരെ<br>01.04.2017മുതൽ 31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. കിഷോർ കിരൺ<br>ഡോ. ജയിൻരാജ് | 01.04.2017മുതൽ 22.06.2017 വരെ<br>23.06.2017മുതൽ 31.03.2018 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. കെ. ഉഷാദേവി<br>ഡോ. ദീപ്തി ജയദേവ് | 01.04.2017മുതൽ 02.06.2017 വരെ<br>03.06.2017മുതൽ 31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ദിവ്യ. എ. വി | 01.04.2017മുതൽ 31.03.2018 വരെ |
| 9 | ഹെഡ്മാസ്റ്റർ (എൽ.പി.എസ്. ) | ശ്രീമതി. സൗദാ ബീവി | 01.04.2017മുതൽ 31.03.2018 വരെ |
| 10 | അസി. എൻജിനീയർ | ശ്രീ. ഹരിലാൽ<br>ശ്രീ. സുഭാഷ് | 01.04.2017 മുതൽ 29.11.2017വരെ<br>30.11.2017 മുതൽ 31.03.2018വരെ |
| 11 | അസി. സെക്രട്ടറി | ശ്രീമതി. കെ. രേഖ | 01.04.2017 മുതൽ 31.03.2018വരെ |
| 12 | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | ശ്രീമതി. രശ്മി. പി. രാജൻ<br>ശ്രീ. സുദർശനൻ | 01.04.2017 മുതൽ 12.10.2017വരെ<br>13.10.2017 മുതൽ 31.03.2018വരെ |

*ഉള്ളടക്കം*

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ<br>1-12 വരെ | പൊതു അവലോകനം |

| | | |
|---|---|---|
| ഭാഗം – 2 | | |
| 2 | 2-1 | വസ്തു നികുതി-നികുതി നിർണ്ണയത്തിലെ അപാകതകൾ |
| 3 | 2-2 | തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച് |
| 4 | 2-3 | രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ അനാസ്ഥ |
| 5 | 2-4 | ഡി & ഒ ലൈസൻസ് ഫീസ് പിരിവ് അപാകതകൾ |
| 6 | 2-5 | ബിൽഡിംഗ് പെർമിറ്റ് -അപാകങ്ങൾ |
| 7 | 2-6 | വാടക -അപാകതകൾ |
| 8 | 2-7 | ലേലം – വരവിൽ വ്യക്തത ഇല്ല |
| 9 | 2-8 | കാർഷിക പദ്ധതികൾക്ക് ലഭിച്ച നിരതദ്രവ്യം ഈടാക്കിയില്ല |
| 10 | 2-9 | ആംബുലൻസ് സർവ്വീസിലെ അപാകങ്ങൾ |
| 11 | 2-10 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല. |
| 12 | 2-11 | വസ്തുനികുതി-നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല |
| 13 | 2-12 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് പലിശ ലഭിക്കാത്തത് സംബന്ധിച്ച്- |
| 14 | 2-13 | സ്ഥിര നിക്ഷേപം - കൃത്യമായ കണക്ക് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. |
| 15 | 2-14 | അംഗൻവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. |
| ഭാഗം – 3 | | |
| 16 | 3-1 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 2.22 കോടി ചെലവഴിച്ചില്ല |
| 17 | 3-2 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല. |
| 18 | 3-3 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - പൂർണ്ണമായ ചെലവ് രേഖകൾ ഹാജരാക്കിയില്ല. |
| 19 | 3-4 | ബിറ്റുമിൻ വാങ്ങൽ - നൽകിയ തുകയ്ക്കുള്ള ബിറ്റുമിൻ ലഭ്യമായില്ല. |
| 20 | 3-5 | ബിറ്റുമിൻ സൂക്ഷിക്കുന്നതിലെ അനാസ്ഥ മൂലം രണ്ട് ബാരൽ ബിറ്റുമിൻ പഞ്ചായത്തിന് നഷ്ടപ്പെട്ടു. |
| 21 | 3-6 | തനത് ഫണ്ടുപയോഗിച്ചുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് അധിക തുക പിൻവലിച്ച നൽകി. |
| 22 | 3-7 | ബിറ്റുമിൻ ബാരൽ വില ബില്ലിൽ കുറവ് ചെയ്തില്ല - കരാറുകാർക്ക് അധിക തുക നൽകി |
| 23 | 3-8 | ആംമ്പുലൻസ് ഡ്രൈവർക്ക് ക്രമവിരുദ്ധമായി വേതനം നൽകി. |
| 24 | 3-9 | ക്രമ വിരുദ്ധമായി തനത് ഫണ്ട് ചെലവഴിച്ച |
| 25 | 3-10 | പകൽവീടിനു ഫർണീച്ചർ അധിക വില നൽകി. |
| 26 | 3-11 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ |
| 27 | 3-12 | പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് - അംഗീകൃത പദ്ധതി പ്രകാരമല്ലാതെ തുക ചെലവഴിച്ചു. |
| 28 | 3-13 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- പ്രത്യേകം തുക നൽകിയിട്ടും അധിക വാറന്റി ലഭ്യമാക്കിയില്ല. |
| 29 | 3-14 | സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ കാണുന്ന അപാകതകൾ |
| 30 | 3-15 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു |

| | | |
|---|---|---|
| 31 | 3-16 | ക്ലീൻ ഗ്രീൻ അരൂർ -മാലിന്യ സംസ്കരണ പരിപാടി ഉപേക്ഷിച്ചു |
| 32 | 3-17 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല. |
| 33 | 3-18 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:- |
| 34 | 3-19 | പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല. |
| 35 | 3-20 | LEDഗ്രാമം പദ്ധതി ശരിയായ ആസൂത്രണമില്ലാതെ പ്രോജക്ട് നടപ്പാക്കി |
| 36 | 3-21 | യാത്രാ ബത്ത അധിക തുക നൽകി. |
| 37 | 3-22 | ക്ഷാമബത്ത – കുടിശ്ശിക തുക അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| 38 | 3-23 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ഇല്ലാത്ത വാറന്റിക്ക് പണം നൽകി. |
| 39 | 3-24 | കളപ്പുരയ്ക്കൽ എസ്. ടി. കോളനി കമ്യൂണിറ്റി ഹാളിനായി ശരിയായ ആസൂത്രണമില്ലാതെ ചെലവ് ചെയ്യുന്നു. |
| 40 | 3-25 | ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ- നടത്തിപ്പിൽ അപാകത. |
| 41 | 3-26 | വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം-രേഖകൾ ഇല്ലാതെ ആനുകൂല്യം നൽകി |
| 42 | 3-27 | അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് - വരവ് ചെലവ് തുകകളുടെ കൃത്യമായ വിവരം ലഭ്യമല്ല. |
| 43 | 3-28 | പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ് ക്രീയമായി തുടരുന്നു. |
| ഭാഗം – 4 | | |
| 44 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 45 | അനുബന്ധം -I | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 46 | അനുബന്ധം-II | റസീപ്റ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 343370000 | 335824356 |
| വാർഷിക കണക്ക് പ്രകാരം | 109950652 | 111587312 |

ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയോ, നോൺ പ്ലാൻ

എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്യതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.

2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.
5. ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റ് പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 31.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(57)/ 2018/6.7.18 | വിശേഷണങ്ങളോടു കൂടിയത്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15561194 |
| വരവ് | 109950652 |
| ആകെ | 125511846 |
| ചെലവ് | 111587312 |
| നീക്കിയിരിപ്പ് | 13924534 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 26858000 | 26858000 | 22118975 | 4739025 |
| വികസനഫണ്ട് എസ്.സി.പി. | | 9979902 | 9979902 | 7654846 | 2325056 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | | 347858 | 347858 | 170200 | 177658 |
| സംരക്ഷണഗ്രാന്റ് റോഡ് | | 13174000 | 13174000 | 11861452 | 1312548 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 5716000 | 5716000 | 3982356 | 1733644 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 16645718 | 16645718 | 6549718 | 10096000 |
| കെ.എൽ.എസ്.ജി. ഡി പി | | 4689987 | 4689987 | 2835094 | 1854893 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 3301637 | 13643000 | 16944637 | 16591220 | 353417 |
| എസ്.ബി.ഐ ലിറ്ററസി | 467772 | 17423 | 485195 | 0 | 485195 |
| ഡിസ്ട്രസ് റിലീഫ് ഫണ്ട് | 4162 | 161 | 4323 | 0 | 4323 |
| എം.എൻ.ആർ.ഇ. ജി. എസ് | 41579 | 1914337 | 1955916 | 1099909 | 856007 |
| എസ്.ബി.ഐ | 317156 | 11814 | 328970 | 0 | 328970 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | | 3965000 | 3965000 | 4296748 | -331748 |
| കറന്റ് അക്കൗണ്ട് | 0 | 29222 | 29222 | 0 | 29222 |
| ഡി.സി.ബി | 184576 | 149573 | 334149 | 0 | 334149 |
| ബി ഫണ്ട് | | 239880 | 239880 | 239880 | 0 |
| തനത് ഫണ്ട് | 10994391 | 32027558 | 43021949 | 32839613 | 10182336 |
| ക്യാഷ് (തനത്) | 125172 | 306972 | 432144 | 125172 | 306972 |
| എസ്.ബി.ഐ (Total Sanitation) | 124749 | 2473071 | 2597820 | 1222129 | 1375691 |
| ആകെ | 15561194 | 132189476 | 147750670 | 111587312 | 36163358 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 422 | 166256442 | 236 | 78462266 | 99 | 87 | 56 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 41579.5 | 1914337 | 1955916.5 | 1099909 | 856007.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | – | 33347091 | 33347091 | 33347091 | -- |
| ആകെ | 41579.5 | 35261428 | 35303007.5 | 34447000 | |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 137880 | 233 |
| കർഷകതൊഴിലാളി പെൻഷൻ | 3054700 | 263 |
| വിധവാപെൻഷൻ | 15784400 | 1341 |
| വാർദ്ധക്യകാലപെൻഷൻ | 38445700 | 3220 |
| വികലാംഗപെൻഷൻ | 5030900 | 410 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 837600 | 67 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2018- ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46849/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര

നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
3. വാഹനങ്ങളുടെ ലോഗ് ബുക്ക് കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
6. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
7. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
8. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
9. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
10. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
11. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
12. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | 9/2018 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | | 2008-09 മുതൽ 2012-13 വരെ | 28.12.2014 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക്പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തൻവർഷം ഡിപ്പോസിറ്റ് ഇനത്തിൽ കെ.എസ്.ഇ.ബി യ്ക്ക് നൽകിയിട്ടുള്ള തുക പൂർണ്ണമായും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. വിവാഹ ധനസഹായമിനത്തിൽ 90000/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(57)/2018/6.7.18 നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ മറ്റ് വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി-നികുതി നിർണ്ണയത്തിലെ അപാകതകൾ

അരൂർ പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഏതാനും ചില കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകളാണ് ചുവടെ ചേർത്തിട്ടുള്ളത്.

1. റോഡ്, എയർകണ്ടീഷൻ - വസ്തു നികുതിയിൽ ആനുപാതികമായ വർദ്ധന വരുത്തിയിട്ടില്ല.

പഞ്ചായത്തിൽ നാഷണൽ ഹൈവേയോട് ചേർന്നുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് റോഡിന് ആനുപാതികമായ 20% നികുതി വർദ്ധന വരുത്തിയതായി കാണുന്നത്. കൂടാതെ പരിശോധനയ്ക്ക് ഹാജരാക്കിയ നമ്പറിംഗ് ഫയലുകളോടൊപ്പമുള്ള കെട്ടിടങ്ങളുടെ ഭൂരിഭാഗം പ്ലാനുകളിലും റോഡിന്റെ വീതി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തു പ്രദേശത്തുള്ള റോഡുകളെ സംബന്ധിച്ച വിവരങ്ങളടങ്ങിയ വിജ്ഞാപനം, ആസ്തി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 5 മീറ്ററോ അതിലധികമോ വീതിയുള്ള റോഡ്,എയർ കണ്ടീഷനിംഗ് സംവിധാനം എന്നിവയുള്ള കെട്ടിടങ്ങളിൽ ആനുപാതിക നികുതി വർദ്ധന വരുത്തിയിട്ടില്ലാത്ത ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2016 -17 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ച് നൽകിയ Snowman Logistics എന്ന വാണിജ്യാവശ്യത്തിനുള്ള സ്ഥാപനത്തിന്റെ (കെട്ടിട നം. 15/140B) വിസ്തീർണ്ണം 4308 ചതുരശ്ര മീറ്ററാണ്. ഹാജരാക്കിയ പ്ലാൻ പ്രകാരം പ്രസ്തുത സ്ഥാപനം 12 മീറ്റർ വീതിയിലുള്ള റോഡിന് സമീപത്താണ് സ്ഥിതിചെയ്യുന്നതെങ്കിലും ഫോറം 6 ൽ റോഡിന് ആനുപാതികമായ 20% നികുതി വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. കൂടാതെ സെൻട്രലൈസ്ഡ് എയർ കണ്ടീഷൻ സംവിധാനം ഉപയോഗിക്കുന്ന പ്രസ്തുത കെട്ടിടത്തിന് അതിന് ആനുപാതിക വർദ്ധനവും വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : 4308.8 ച.മീ. |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : 70/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : 3,01,616/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര-10%) | : 30,162/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ് റോഡ് (20%) | : 60,323/- |
| എയർ കണ്ടീഷൻ (10%) | : 30,162/- |
| ഇളവുകൾക്കും വർദ്ധനവിനും ശേഷം ഈടാക്കാവുന്ന നികുതി | : 3,61,939/- |
| ഈടാക്കിയ നികുതി | : 271455/- |
| വസ്തുനികുതിയിൽ വന്ന കുറവ് | 90,484/- |

2. 2017-18ൽ അസസ്സ് ചെയ്ത ശ്രീ. രമേഷ്. ആർ. കെ, പാർട്ണർ, അരുന്ധതി ബിൽഡിംഗ്സ് എന്നയാളുടെ 6/96B കെട്ടിടനമ്പരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 730.6 ചതുരശ്ര മീറ്ററിലുള്ള കെട്ടിടം അരൂക്കുറ്റി ഫെറി റോഡിലാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ 5 മീറ്ററോ അതിലധികമോ വീതിയുള്ള റോഡിന് സമീപത്തുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 20% വർദ്ധന വരുത്താമെന്നിരിക്കെ ഈ കെട്ടിടത്തിന് വർദ്ധന വരുത്തിയിട്ടുള്ളതായി കാണുന്നില്ല.

| | |
|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : 730.6 ച.മീ. |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : 70/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : 51142/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര-10%) | : 5114/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ് റോഡ് (20%) | : 10228/- |
| ഇളവുകൾക്കും വർദ്ധനവിനും ശേഷം ഈടാക്കാവുന്ന നികുതി | : 56256/- |
| ഈടാക്കിയ നികുതി | : 46028/- |
| വസ്തുനികുതിയിൽ വന്ന കുറവ് | : 10,228/-രൂപ |

മേൽ സൂചിപ്പിച്ച രണ്ടു കെട്ടിടങ്ങളുടെയും നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം വസ്തുനികുതിയിൽ വന്ന ആകെ കുറവ് 1,00,712/- രൂപയാണ് (90484+10228). ഈ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക കെട്ടിട ഉടമകളിൽ നിന്നും മുൻകാല പ്രാബല്യത്തിൽ ഈടാക്കേണ്ടതും രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

3. ശ്രീ. വിനോദ്കുമാർ, കലിംഗ ഹൗസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള (15/286 B, C) വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 2495 ച. മീ (താഴത്തെ നില 1920.7, ഒന്നാം നില 574.3) വിസ്തീർണ്ണത്തിലുള്ള കെട്ടിടം സ്ഥിതിചെയ്യുന്നത് 5.5 മീറ്റർ വീതിയിലുള്ള റോഡിന് സമീപത്താണ്. എന്നാൽ റോഡിന് ആനുപാതികമായ 20% നികുതി വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 15/286B എന്ന കെട്ടിട നമ്പരിലുള്ള താഴത്തെ നിലയുടെ 574.3ചതുരശ്ര മീറ്റർ മേൽക്കൂര കോൺക്രീറ്റാണ്. എന്നാൽ ഫോറം 6 ൽ ടി കെട്ടിടത്തിന് കുറഞ്ഞതരം മേൽക്കൂര എന്ന് രേഖപ്പെടുത്തി 10% ഇളവ് നൽകിയിട്ടുണ്ട്. കൂടാതെ ഒന്നാം നിലയിലെ 15/286 C നമ്പരിലുള്ള വാണിജ്യാവശ്യത്തിനുപ യോഗിക്കുന്ന കെട്ടിടത്തെ 100 ച.മീ. ൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചതുമൂലം ഒരു ചതുരശ്ര മീറ്ററിന് 70/- രൂപ പ്രകാരം നികുതി ഈടാക്കുന്നതിന് പകരം 45/- രൂപ എന്ന നിരക്കിൽ തെറ്റായാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഈ അപാകതകൾ മൂലം 2018 ഒന്നാം അർദ്ധവർഷം മുതൽ നികുതി അസസ്സ് ചെയ്ത ടി കെട്ടിടത്തിന് ലഭിക്കേണ്ടുന്ന നികുതിയിൽ വലിയ കുറവാണ് വന്നിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

i) കെട്ടിട നം : 15/286 B

<u>താഴത്തെ നില (കുറഞ്ഞ തരം മേൽക്കൂര)</u>

| | |
|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : 1920 ച.മീ. (കുറഞ്ഞതരം മേൽക്കൂര) |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : 70/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : 134400/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര – 10%) | : 13440/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ് (റോഡ് (20%) | : 26880/- രൂപ |
| ഇളവുകൾക്കും വർദ്ധനയ്ക്കും ശേഷം ഈടാക്കാവുന്ന വസ്തുനികുതി | : 147840/- രൂപ (134400 – 13440 + 26880) |

താഴത്തെ നില (കോൺക്രീറ്റ് മേൽക്കൂര)

| | |
|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : 574.3 ച.മീ. (കോൺക്രീറ്റ് മേൽക്കൂര) |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : 70/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : 40,201 /- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര-10%) | : |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ് (റോഡ് (20%) | : 8,040 /- രൂപ |
| ഇളവുകൾക്കും വർദ്ധനയ്ക്കും ശേഷം ഈടാക്കാവുന്ന വസ്തുനികുതി | : 48241/-രൂപ |
| കെട്ടിടത്തിന് ഈടാക്കാവുന്ന ആകെ വസ്തുനികുതി | : 1,51,914/- |
| ആകെ ഈടാക്കിയ നികുതി | : 1,21,005/- |
| വസ്തുനികുതിയിൽ വന്ന കുറവ് | : 26835/- രൂപ (151914-121005) |

ii) കെട്ടിട നം : 15/286 C (ഒന്നാംനില)

| | |
|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : 574.3 ച.മീ. (കുറഞ്ഞതരം മേൽക്കൂര) |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : 70/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : 40201/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര-10%) | : 4020/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ് (റോഡ് (20%) | : 8040/- |
| ഇളവുകൾക്കും വർദ്ധനയ്ക്കും ശേഷം ഈടാക്കാവുന്ന വസ്തുനികുതി | : 44221/- |
| ഈടാക്കിയ നികുതി | : 22,097/- |
| വസ്തുനികുതിയിൽ വന്ന കുറവ് | : 22124 /-രൂ |
| വസ്തുനികുതിയിൽ വന്ന ആകെ കുറവ് | : 48959/-രൂപ [22124+ 26835] |

2018 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ചിട്ടുള്ള ഈ കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

2. കെട്ടിടത്തിന്റെ ഉപയോഗക്രമം അനുസരിച്ച് നികുതി നിർണ്ണയിച്ചിട്ടില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ പിള്ള എന്നയാളുടെ ഉടമസ്ഥതയിലുള്ള 427.53 ച.മീ. വിസ്തീർണ്ണത്തിലുള്ള കെട്ടിടത്തിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ (7/446A, C, D, E, F, G, H, I, J) നല്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 45/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ 28-9-2011 ലെ വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള

ഷോപ്പിങ് മാളുകളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 80/- രൂപ നിരക്കിലാണ് ഈടാക്കേണ്ടത്. എന്നാൽ ഇവിടെ ഒരു ചതുരശ്ര മീറ്ററിന് 45/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതു മൂലം ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വന്നിരിക്കുന്നു.

മേൽ പരാമർശങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 35/19.11.2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട ഫയലുകളിൽ ഏതാനം ചില ഫയലുകൾ മാത്രമാണ് ഓഡിറ്റിനായി ലഭ്യമാക്കിയത്. അതിന്റെ പരിശോധനയിൽ തന്നെ വലിയ നികുതി നഷ്ടം ഉണ്ടായിട്ടുള്ളതിനാൽ പഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ വിശദമായി പുനഃപരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച്

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ, സ്ഥാപന മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെചേർക്കുന്നു.

1. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവർഷ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽ നികുതിയിലും കുറവ് തുകയാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | ജീവനക്കാരന്റെ പേര് | സ്ഥാപനം | അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | രസീത് നം. / തീയതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | അബ്ദുൾ മനാഫ്, ഡ്രൈവർ | വരുണ പെയിന്റ്സ് പ്രൈ. ലിമിറ്റഡ്, അരൂർ | 65400 (Ist half) | 600/- | 450/- | രേഖപ്പെടുത്തിയിട്ടില്ല. | 150/- |
| 2 | ശാലിനി. പി. എം, ക്ലർക്ക് | “ | 53190 (Ist half) | 450/- | 300/- | “ | 150/- |
| 3 | വൃന്ദാദേവി. റ്റി, എസ്.എൽ.ജി II | “ | 53190 (Ist half) | 450/- | 300/- | “ | 150/- |
| 4 | അനിത സുനീന്ദ്രൻ, എസ്.എൽ.ജി II | “ | 53190 (Ist half) | 450/- | 300/- | “ | 150/- |
| 5 | രജനി, എസ്.എൽ.ജി II | “ | 53190 (Ist half) | 450/- | 300/- | “ | 150/- |
| 6 | ജോസഫ്. വി. എസ്, സൂപ്പർവൈസർ | മംഗള മറൈൻ എക്സിം ഇൻഡ്യ പ്രൈ.ലി. | 106386 (Ist half) | 1000/- | 750/- | 117040500111/ 28.9.17 | 250/- |
| 7 | ദീപ അനിൽകുമാർ, ടീച്ചർ | അൽ-അമീൻ പബ്ലിക് സ്കൂൾ | 131772 (Ist half) | 1250/- | 1000/- | രേഖപ്പെടുത്തിയിട്ടില്ല. | 250/- |
| 8 | മൈക്കിൾ, ഡ്രൈവർ | സമുദ്ര ഷിപ്പ് യാർഡ് പ്രൈ.ലി. | 72546 (Ist half) | 600 | 475 | 117040104750/ 30.11.17 | 125 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | കെ. ആർ. മുരളീധരൻ, മാനേജർ | " | 135425 (Ist half) | 1250 | 1080 | " | 170/- |
| 10 | പ്രകാശൻ. ഇ. ആർ, ഓഫീസ് അസി. | " | 68507 (Ist half) | 600 | 450 | " | 150/- |
| 11 | സുന്ദരേശൻ. സി. എൻ, ഫ്രണ്ട് ഓഫീസ് അസി. | " | 54278 (Ist half) | 450 | 325 | " | 125 |
| 12 | രജീഷ്. ആർ, മാർക്കറ്റിംഗ് അസി. | " | 61670 (Ist half) | 600 | 425 | " | 175 |
| 13 | സന്തോഷ് കുമാർ, നേവൽ ആർക്കിടെക്ട് | " | 127003 (Ist half) | 1250 | 996 | " | 254/- |
| 14 | പ്രസാദ്. സി. റ്റി, അക്കൗണ്ട്സ് അസി. | " | 100846 (Ist half) | 1000 | 750 | " | 250/- |
| 15 | സനൽ കുമാർ, മൗൾഡർ | " | 115128 (Ist half) | 1000 | 832 | " | 168 |
| 16 | വിനീഷ്, മൗൾഡർ | " | 121442 (Ist half) | 1000 | 915 | " | 85 |
| 17 | ആന്റണി ജേക്കബ്, മൗൾഡർ | " | 102374 (Ist half) | 1000 | 725 | " | 275 |
| 18 | ഗിരീഷ്, മൗൾഡർ | " | 108559 (Ist half) | 1000 | 791 | " | 209 |
| 19 | അനിത മനോജ്, ജൂനി.മൗൾഡർ | " | 59717 (Ist half) | 450 | 375 | " | 75/- |
| 20 | സുബൈദ, ജൂനി.മൗൾഡർ | " | 41632 (Ist half) | 300 | 215 | " | 85/- |
| 21 | ഇന്ദിര സജീവ്, ജൂനി.മൗൾഡർ | " | 62775 (Ist half) | 600 | 475 | " | 125/- |
| 22 | പ്രസീദ, ജൂനി.മൗൾഡർ | " | 62607 | 600 | 375 | " | 225/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | (I<sup>st</sup> half) | | | | |
| 23 | ലിജി ശ്യാംലാൽ, ജൂനി.മൗൾഡർ | " | 60765 (Ist half) | 600 | 425 | " | 175 |
| 24 | രാജേശ്വരി വേണു, ജൂനി.മൗൾഡർ | " | 63296 (Ist half) | 600 | 425 | " | 175 |
| 25 | ദീനാമ്മ അഗസ്റ്റിൻ, ജൂനി.മൗൾഡർ | " | 64593 (Ist half) | 600 | 425 | " | 175 |
| 26 | ശാന്തിനി ബോസ്, ജൂനി.മൗൾഡർ | " | 60434 (Ist half) | 600 | 400 | " | 200 |
| 27 | രജീഷ്. കെ. ആർ, ജൂനി.മൗൾഡർ | " | 82175 (Ist half) | 750 | 600 | ' | 150 |
| 28 | ശ്യാം. വി. എസ്, ജൂനി.മൗൾഡർ | " | 88789 (Ist half) | 750 | 650 | " | 100 |
| 29 | മിനി തോമസ്, ജൂനി.മൗൾഡർ | " | 65515 (Ist half) | 600 | 450 | " | 150 |
| 30 | ജയേഷ് ബാബു, മൗൾഡർ | " | 106434 (Ist half) | 1000 | 832 | " | 168 |
| 31 | രാഘവദാസ്, സ്റ്റോർ കീപ്പർ | " | 85750 (Ist half) | 750 | 600 | " | 150 |
| 32 | ജോസഫ്, സ്റ്റോർ കീപ്പർ | " | 138441 (Ist half) | 1250 | 1164 | " | 86 |
| 33 | സുഭാഷ്, ബോട്ട് ഡ്രൈവർ | " | 92322 (Ist half) | 750 | 550 | " | 200 |
| 34 | ബിന്ദു, ഹെൽപ്പർ | " | 46084 (Ist half) | 450 | 300 | " | 150 |
| 35 | ഷീനമോൾ, ഹെൽപ്പർ | " | 46771 (Ist half) | 450 | 325 | " | 125 |
| 36 | രാകേഷ് മോഹൻ, മറൈൻ ഫിറ്റർ | " | 104667 (Ist half) | 1000 | 807 | " | 193 |
| 37 | ജിത്ത്. വി.എസ് ഹെൽപ്പർ | " | 37801 (Ist half) | 300 | 216 | " | 84 |

| | | | | | | | |
|---|---|---|---|---|---|---|---|
| 38 | ടോണി. കെ. സണ്ണി, ഹെൽപ്പർ | " | 38499 (Ist half) | 300 | 216 | " | 84 |
| 39 | ജോസഫ് ജെൻസൺ, ഹെൽപ്പർ | " | 50834 (Ist half) | 450 | 400 | " | 50 |
| 40 | ജിതിൻ ആൻറണി, ഹെൽപ്പർ | " | 37916 (I$^{st}$ half) | 300 | 216 | " | 84 |
| 41 | നക്കുദു, ഹെൽപ്പർ | " | 70000 (I$^{st}$ half) | 600 | 550 | " | 50 |
| 42 | അനുപമ എ, സീനി. എൻജിനീയർ | കെൽട്രോൺ കൺട്രോൾസ്, അരൂർ | 91233 (II$^{nd}$half) | 750 | 600 | 117050500337/ 12.3.18 | 150 |
| 43 | അരുൺ സത്യൻ, എൻജിനീയർ | " | 79567 (II$^{nd}$half) | 750 | 600 | " | 150 |
| 44 | ജ്യോതിർറോസ്.കെ.ജെ, സീനി. എൻജിനീയർ | " | 91233 (II$^{nd}$half) | 750 | 600 | " | 150 |
| 45 | മുഹമ്മദ് റഫീക്ക്.എം.എ, അസി. | " | 102151 (II$^{nd}$ half) | 1000 | 750 | " | 250 |
| 46 | റോബിൻ. കെ. ബി, ടെക്. അസി. | " | 53107 (II$^{nd}$half) | 450 | 300 | " | 150 |
| 47 | സൈജു ബാബു, ഓപ്പറേറ്റർ | " | 78085 (II$^{nd}$half) | 750 | 600 | " | 150 |
| 48 | ശരത്. എസ്, ഓപ്പറേറ്റർ | " | 63339 (II$^{nd}$half) | 600 | 450 | " | 150 |
| 49 | ശ്രീലക്ഷ്മി, സീനി. എൻജിനീയർ | " | 85567 (II$^{nd}$half) | 750 | 600 | " | 150 |
| 50 | വിഷ്ണു. എസ്, ഓപ്പറേറ്റർ | " | 75500 (II$^{nd}$half) | 750 | 600 | " | 150 |
| 51 | ആഷിഷ്. പി. എസ്, | HIC ABF സ്പെഷ്യൽ | 60000 | 600 | 450 | 117040500367/ | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഓപ്പറേറ്റർ | ഫുഡ്സ് പ്രൈ.ലി. | (II^nd half) | | | 27.3.18 | |
| 52 | അനുപമ, സൂപ്പർവൈസർ | " | 102432 (II^nd half) | 1000 | 750 | " | 250 |
| 53 | വിമോദ്. പി, സ്റ്റോർ കീപ്പർ | " | 150000 (II^nd half) | 1250 | 1000 | " | 250 |
| 54 | ശരവണൻ, ഫോർമാൻ | ഡ്യൂറോ കാർട്ടൻസ് | 102000 (II^nd half) | 1000 | 876 | 117040108655/ 26.3.18 | 124 |
| ആകെ | | | | | | 8519/- | |

2. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഒന്നാം അർദ്ധവർഷം ഒടുക്കിയ തുക/രസീത് നം. | രണ്ടാം അർദ്ധവർഷം ഒടുക്കിയ തുക/ രസീത് നം. |
|---|---|---|---|
| 1 | ജോർജ് ഫ്യൂവൽസ് | 13050/- 104322/10.11.17 | ഒടുക്കിയിട്ടില്ല |
| 2 | ഗ്രാൻഡ് മറൈൻ ഫുഡ്സ് | 11250/- 103319/27.9.17 | ഒടുക്കിയിട്ടില്ല |
| 3 | EVM ഹെവി കൊമേഴ്സ്യൽ വെഹിക്കിൾ | ഒടുക്കിയിട്ടില്ല | 5180/- 117040108904/31.3.18 |
| 4 | ഡ്യൂറോ കാർട്ടൻസ് | ഒടുക്കിയിട്ടില്ല | 8828/- 11704010655/26.3.18 |
| 5 | AV Thomas & Company | ഒടുക്കിയിട്ടില്ല | 9000/- 117040500307/3.3.18 |
| 6 | സിറ്റി ടർപോളിൻസ് | ഒടുക്കിയിട്ടില്ല | 3600/- 117040108058/9.3.18 |
| 7 | AVT MicroMICK Ingradients Ltd | 17300/- 117040500086/31.8.17 | ഒടുക്കിയിട്ടില്ല |
| 8 | Sea Fresh Exports Ltd | 4110/- 117040105716/29.12.17 | ഒടുക്കിയിട്ടില്ല |
| 9 | Outshine Tents & Awings | ഒടുക്കിയിട്ടില്ല | 3300/- 117040108059/9.3.18 |
| 10 | Unilever India Exports Ltd | ഒടുക്കിയിട്ടില്ല | 7500/- |

| | | | |
|---|---|---|---|
| | | | 11704010727675/22.2.18 |
| 11 | ആശിർവാദ് മൈക്രോ ഫിനാൻസ് ലിമിറ്റഡ് | 1950/-<br>03149/20.9.17 | ഒടുക്കിയിട്ടില്ല |
| 12 | വിസ്റ്റ ഡ്രൈവ് ലൈൻ മോട്ടോഴ്സ് | 41100/-<br>500124/27.9.17 | ഒടുക്കിയിട്ടില്ല |
| 13 | Sea Food Park India Ltd | 41650/- | ഒടുക്കിയിട്ടില്ല |
| 14 | TCJI ഗ്രൂപ്പ് മാർജിൻ ഫ്രീ ഹൈപ്പർ മാർക്കറ്റ് | 1260/-<br>118040100008/23.7.18 | ഒടുക്കിയിട്ടില്ല |
| 15 | രാജവൽസം മോട്ടോഴ്സ് | ഒടുക്കിയിട്ടില്ല | 2250/-<br>117040107832/23.3.18 |
| 16 | Integrated Rubian Exports Ltd | 6800/-<br>117040108271/15.3.18 | ഒടുക്കിയിട്ടില്ല |
| 17 | ശ്രീറാം ഡിസ്ട്രിബ്യൂട്ടേഴ്സ് | ഒടുക്കിയിട്ടില്ല | 1250/-117045500392/<br>31.3.18 |
| 18 | ക്യാപ്സുലേഷൻ & ഫാർമസ്യൂട്ടിക്കൽസ് പ്രൈ. ലി. | ഒടുക്കിയിട്ടില്ല | 42050/-<br>117040108032/8.3.18 |
| 19 | സതേൺ റെയിൽവേ | ഒടുക്കിയിട്ടില്ല | ഒടുക്കിയിട്ടില്ല |
| 20 | കോളുതറ എക്സ്പോർട്സ് | ഒടുക്കിയിട്ടില്ല | ഒടുക്കിയിട്ടില്ല |

3. സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽനികുതി ഒടുക്കിയിട്ടില്ലാത്ത മേൽ സൂചിപ്പിച്ച20 സ്ഥാപനങ്ങളും ആ അർദ്ധവർഷത്തെ സ്ഥാപന നികുതിയും ഒടുക്കിയിട്ടില്ല.കൂടാതെ പ്രീമിയർ എക്സ്പോർട്സ് ഇൻറർനാഷണൽ, സരസ്വതി മെറ്റൽ ഇൻഡസ്ട്രീസ്,യൂണിയൻ ബാങ്ക്, മണപ്പുറം ഫിനാൻസ് എന്നീ സ്ഥാപനങ്ങളും ഒന്നാം അർദ്ധവർഷത്തെ സ്ഥാപന നികുതി ഒടുക്കിയതായി കാണുന്നില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22, 16.11.2018) ലഭ്യമാക്കിയ മറുപടിയിൽ തുക ഒടുക്കുവാനാവശ്യപ്പെട്ട് സ്ഥാപനങ്ങൾക്ക് ഉടൻ കത്ത് നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖകൾ പരിശോധനക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-3 <u>രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ അനാസ്ഥ</u>

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി ഉപയോഗിച്ച രസീതുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രസീത് ബുക്ക് നം. 14480 ലെ 25 മുതൽ 29 വരെയുള്ള രസീതുകൾ പ്രകാരം വിവിധ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതമായി 5043/- രൂപ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ഈ തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല.
2. താഴെപ്പറയുന്ന രസീതുകൾ പ്രകാരം പിരിച്ചെടുത്ത തുകയും അവയുടെ അടവും തമ്മിൽ വ്യത്യാസം കാണുന്നു.

| രസീത് ബുക്ക് നം. | രസീത് നം. | തീയതി | രസീതു പ്രകാര മുള്ള വരവ് | അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 14481 | 64 to 93 | 15.3.2018 | 30726 | 29735 | 991/- |
| 26989 | 24 to 49 | 23.12.2017 | 50412 | 49912 | 500/- |
| 14478 & 14479 | 61 to 100 & 1 to 26 | 12.1.2018 | 19559 | 19499 | 60/- |
| ആകെ | | | | | 1551/- |

3. രസീത് ബുക്ക് നം. 26983 പ്രകാരം 1 മുതൽ 48 വരെയുള്ള രസീതുകൾ ക്യാൻസൽ ചെയ്തതായി രസീതിൽ മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ആയവ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ടി ബുക്കിലെ രസീത് നം 49 മുതൽ 60 വരെയുള്ള രസീതുകൾ പ്രകാരം 1340/- രൂപ പിരിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കളക്ഷൻ തുക ഒടുക്കുകയോ ഗുണഭോക്താവിന് രസീത് നല്കുകയോ ചെയ്തിട്ടില്ല. കൂടാതെ രസീത് നം 61 മുതൽ 100 വരെയുള്ള രസീതുകൾ ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്യാതെ അടുത്ത രസീത് ബുക്ക് (നം.26989) ഉപയോഗിച്ച് ഗുണഭോക്തൃവിഹിതം പിരിക്കുകയാണ് ചെയ്തിട്ടുള്ളത്.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 5/09.11.2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ കുറവ് വന്ന തുക ഒടുക്കുകയോ ചെയ്തിട്ടില്ല. ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് മുമ്പായി ഗുണഭോക്തൃ വിഹിതം പിരിക്കുകയും പിന്നീട് ക്ലസ്റ്റർ രൂപീകരിച്ചപ്പോൾ ഈ തുക ക്ലസ്റ്ററുകളിലേക്ക് വകയിരുത്തുകയും ചെയ്തതിനാലാണ് 26983 നമ്പറിലുള്ള രസീത് ബുക്കിലെ കളക്ഷൻ തുക രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നത് എന്നാണ് അറിയിച്ചത്. എന്നാൽ ഇത് സാധൂകരിക്കുന്നതിനാവശ്യമായ തെളിവുകളോ രേഖാമൂലം മറുപടിയോ ലഭ്യമാക്കിയിട്ടില്ല. കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താതെ പിരിച്ച 5043/- രൂപ ഉൾപ്പെടെ ആകെ കുറവ് വന്ന 7934/- രൂപ (5043+1551+1340) ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് ഫീസ് പിരിവ് അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ ചുമത്താവുന്നതിലും കുറഞ്ഞനിരക്കിൽ ഫീസ് ഈടാക്കിയിട്ടുള്ളതായും വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികളുപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ലാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ഇത്തരം സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.

ഡി&ഒ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പഞ്ചായത്ത് നൽകുന്ന ഏതൊരു ലൈസൻസിനും പട്ടിക II ൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ലൈസൻസ് ഫീസായി ചുമത്താവുന്നതാണ്.താഴെപ്പറയുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവസേനയുള്ള വിറ്റുവരവിന് ആനുപാതികമായി ഈടാക്കാവുന്നതിലും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്.

| വാർഡ് നം./ കെട്ടിട നം. | സ്ഥാപനം/ ഉടമയുടെ പേര് | ദിവസേന യുള്ള വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാ ക്കാവുന്ന ഫീസ് | കുറവ് |
|---|---|---|---|---|---|
| 14/347 | സീ ഫുഡ് പാർക്ക് ഇൻഡ്യ ലിമിറ്റഡ് | 2,00,000 | 3000/- | 4000 | 1000/- |
| X/705 B | പീറ്റർ ഹെൻട്രി, കരുംചേരിൽ | 30,000 | 500/- | 1000/- | 500/- |
| 22/853 | ഡയറക്ടർ, ക്രീം ഫുഡ്സ് പ്രൈ. ലിമിറ്റഡ് | 3,00,000 | 3000/- | 4000 | 1000/- |
| 15/31 | പേപ്പർ കാർട്ടൂൺസ്, അബ്ദുൾ റഷീദ് | 3,00,000 | 3000/- | 4000 | 1000/- |
| 22/634 A | മംഗളാ സീ ഫുഡ്സ്, എം. ആർ. രാമചന്ദ്ര ഭട്ട് | 10,00,000/- | 2000/- | 4000/- | 2000/- |

| | | | | | |
|---|---|---|---|---|---|
| | (മാനേജിംഗ് പാർട്ണർ) | | | | |
| - | സാലിഹാ മെറ്റൽ ഏജൻസീസ് | 50,000 | 300/- | 1000/- | 700/- |
| - | Joann Foods & Trading pvt. Ltd. | 1,00,000 | 1500/- | 2000/- | 500/- |
| I/219,220.221 | HISPAN ബിൽഡേഴ്സ് പ്രൈ.ലി. | 1,00,000 | 1000/- | 2000/- | 1000/- |
| ആകെ | | | | | 7700/- |

2. യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനപാതികമായ ഫീസ് ഈടാക്കിയില്ല

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ചുമത്താവുന്ന ഫീസ് ഈടാക്കിയിട്ടില്ല

| വാർഡ്/ കെട്ടിട നം. | സ്ഥാപനം/ ഉടമയുടെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടി യിരുന്ന ഫീസ് |
|---|---|---|---|
| 3/230D | മലയാള മനോരമ, ന്യൂസ് പേപ്പർ പ്രിന്റിംഗ് | 3915 HP | 39150/- |
| XVI/468, 468A | ജാവീദ് ഹാഷിം, അബാദ് എക്സ്പോർട്സ് (cold store) | 376HP | 3760/- |
| 2/809,810 | സി ജി. കാന്തി ഭായ്, പ്രീമിയർ ഫ്രീസിംഗ് പ്ലാൻറ് | 335 HP | 3350/- |
| 7/42 | കോളുതറ എക്സ്പോർട്സ്, ആന്റണി വർഗ്ഗീസ് | 550 HP | 4500/-<br>(1000/- അടച്ചിട്ടുണ്ട്) |
| 2/875A | Sea Bay Exports Pvt. Ltd | 167 HP | 2000/- |
| - | സെന്റ് അഗസ്റ്റിൻ ഫ്യൂവൽസ് | 60 HP | 1000/- |
| 15/567 | ആന്റണി. പി. വി, ഐസ് പ്ലാന്റ് | 60 HP | 1000 |
| 22/853 | ഡയറകൂർ, ക്രീം ഫുഡ്സ് പ്രൈ. ലിമിറ്റഡ് | 350 HP | 3500/- |
| 6/142 | മാനേജിംഗ് പാർട്ണർ, സൺ പേപ്പർ പായ്ക്ക് | 37 HP | 400/- |
| 2/646B | പാർവതി ദേവി ഐസ് പ്ലാന്റ്, | 110HP | 2000/- |
| 15/31 | പേപ്പർ കാർട്ടൺസ്, അബ്ദുൾ റഷീദ് | 25 HP | 300/- |
| 8/184 | എൻ.എം. നേറ്റിപ്പറമ്പിൽ ഇൻഡസ്ട്രീസ് | 77 HP | 1000/- |
| 13/504D | പ്രൊപ്രൈറ്റർ, HI Tech wood craft | 39 HP | 400/- |

| | | | |
|---|---|---|---|
| 8/179 | പ്രീമിയർ എക്സ്പോർട്സ് ലിമിറ്റഡ്, ഐസ് പ്ലാന്റ് | 99 HP | 1000/- |
| 12/326 | പ്രീമിയർ എക്സ്പോർട്സ് ഇൻറർനാഷണൽ ലി, | 54 HP | 1000/- |
| 13/408 | ഐസ് പ്ലാൻറ് ,ശ്രീജ കൈലാസൻ | 61 HP | 1000/- |
| 22/637E | നിർമല മെറ്റൽ ഇൻഡസ്ട്രീസ് | 50 HP | 500/- |
| I/219, 220, 221 | HISPAN ബിൽഡേഴ്സ് പ്രൈ.ലി. | 40HP | 400/- |
| 10/402A | കൊച്ചിൻ സീ ഫുഡ്സ് | 16 HP | 200/- |
| I/22 | ജോഷി. എം. വി, മാളിയേക്കൽ ഐസ് പ്ലാന്റ് | 60 HP | 1000/- |
| 11/825 | എം. എസ്. അനസ് | 70HP | 1000/- |
| 11/438B | ബ്ലൂ ബെൽ ഇൻഡസ്ട്രീസ്, അനസ്. എ. എ | 50 HP | 500/- |
| 2/364 | വർഗ്ഗീസ് എ.എ, ഫ്ലോർ മിൽ & ഓയിൽ മിൽ | 11 HP | 200/- |
| 19/217B | ഇ. ജെ. സോബാസ്റ്റ്യൻ, ഫാബ്രിക്കേഷൻ യൂണിറ്റ് | 32 HP | 400/- |
| ആകെ | | | 69,560/- |

മേൽ പരാമർശങ്ങൾക്കും, ഉയർന്ന നിരക്കിൽ ഫീസ് ഈടാക്കേണ്ടിയിരുന്ന മലയാള മനോരമ പ്രിന്റിംഗ് പ്രസ്സ്, കോളുതറ എക്സ്പോർട്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നും മുൻ വർഷങ്ങളിൽ മോട്ടോർ ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 32/19.11.2018) ലഭ്യമാക്കിയ മറുപടിയിൽ, മേൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കുന്നതിനായി കത്ത് നൽകുന്നതാണെന്നും മനോരമ പ്രിന്റിംഗ് പ്രസ്സിൽ നിന്നും 2018-19 മുതൽ മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നുണ്ടെന്നും അറിയിച്ചു.

മേൽ പരാമർശിച്ച തുകകൾ (ലൈസൻസ് ഫീ 7700/-, മോട്ടോർ റണ്ണിംഗ് ഫീസ് 69560/-രൂപ) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയിൽ സ്ഥാപനത്തിന്റെ ഒരു ദിവസത്തെ ശരാശരി വിറ്റുവരവ്, ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളുടെ കുതിരശക്തി തുടങ്ങി ഫീസ് നിർണ്ണയിക്കുന്നതിനാവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെന്ന് അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ ഉറപ്പുവരുത്തേണ്ടതും ആയതിനനുസരിച്ച് ഫീസ് ചുമത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ബിൽഡിംഗ് പെർമിറ്റ് -അപാകങ്ങൾ

മെട്രോ നഗരമായ കൊച്ചിയുമായുള്ള സാമീപ്യം, സമുദ്രോത്പന്ന കയറ്റുമതി സോൺ എന്നിവ മൂലം ആലപ്പുഴ ജില്ലയിൽ ഏറ്റവും വേഗത്തിൽ വികസിക്കുന്ന ഗ്രാമപഞ്ചായത്താണ് അരൂർ. ഫ്ലാറ്റുകൾ, വൻകിട സ്റ്റുഡിയോകൾ, വാഹന നിർമ്മാതാക്കളുടേയും വിതരണക്കാരുടേയും വൻകിട ഗോഡൗണുകൾ, ഉത്പന്ന കയറ്റുമതി ശാലകൾ എന്നിങ്ങനെ വാണിജ്യ, വ്യവസായ, സേവന മേഖലകളിലെ വൻകിട കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റുകളുടെ അനുമതി സംബന്ധിച്ച വിവരങ്ങൾ വേണ്ടത്ര ജാഗ്രതയോടെ

കൈകാര്യം ചെയ്യുന്നില്ല. ബിൽഡിംഗ് പെർമിറ്റ് സംബന്ധമായ വിവരങ്ങളെല്ലാം രേഖപ്പെടുത്തുന്ന പെർമിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്. പല കെട്ടിടങ്ങളെ സംബന്ധിച്ചുമുള്ള പ്രധാനവിവരങ്ങളും രജിസ്റ്ററിൽ ലഭ്യമല്ല. പല കെട്ടിടത്തിന്റെയും വിസ്തീർണ്ണം, ഉപയോഗക്രമം, ഈടാക്കിയ ഫീസ്, അപേക്ഷയുടെ നിലവിലെ സ്ഥിതി, അനുമതി നൽകിയ തീയതി എന്നിവ പോലുള്ള വിവരങ്ങൾ പഞ്ചായത്ത് പെർമിറ്റ് രജിസ്റ്ററിൽ നിന്നും ലഭിക്കുന്നില്ല.

1. ഓരോ സാമ്പത്തിക വർഷത്തെയും പല ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിലും കെട്ടിടത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ പോലും എഴുതുന്നില്ല. രജിസ്റ്ററിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം,ഉപയോഗക്രമം പോലുള്ള വിവരങ്ങളില്ലാതെയാണ് പല പെർമിറ്റുകളും അനുവദിച്ചതായി കാണുന്നത്.
2. കെട്ടിട നിർമ്മാണ അപേക്ഷകളുടെ തീർപ്പാക്കൽ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല.
3. ഓരോ കെട്ടിടത്തിന്റെയും പെർമിറ്റ് ഫീസിനത്തിൽ ഈടാക്കുന്ന തുകയുടെ വിവരങ്ങൾ രജിസ്റ്ററിലോ ഫയലിലോ കൃത്യമായി രേഖപ്പെടുത്തുന്നില്ല.
4. പുതുതായി ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനുള്ള അപേക്ഷകളും റഗുലറൈസേഷൻ, പെർമിറ്റ് റീ-വാലിഡേഷൻ എന്നീയിനങ്ങളിലെ അപേക്ഷകളും പ്രത്യേകമായി രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യുന്നില്ല.
5. ഓരോ പെർമിറ്റ് അപേക്ഷയിലേയും വിവരങ്ങൾ വ്യക്തിഗത അപേക്ഷാഫയലിൽ നിന്നും മാത്രം ലഭ്യമാകുന്ന വിധമാണ് പെർമിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.
6. സെക്ഷനിൽ നിന്നും തയ്യാറാക്കുന്ന പെർമിറ്റ് അനുമതികൾ, ഈടാക്കേണ്ട ഫീസ് എന്നിവ സൂപ്രണ്ട്/ അസി.സെക്രട്ടറി, സെക്രട്ടറി തലങ്ങളിൽ വിശദ പരിശോധന കൂടാതെയാണ് അംഗീകരിക്കപ്പെടുന്നത്. കുറഞ്ഞ ഫീസ് ഈടാക്കിയും പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താതെയും സമർപ്പിക്കപ്പെടുന്ന അനുമതി പത്രങ്ങൾ അതേപോലെ തന്നെയാണ് അംഗീകരിക്കപ്പെടുന്നത്.

പരിശോധനക്കായി ലഭ്യമാക്കിയ ചുരുക്കം പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ തന്നെ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

a. ശ്രീ. അബ്ദുൾ ഖാദർ, വേലിക്കകത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ റഗുലൈസേഷൻ അപേക്ഷ ഫയൽ പരിശോധിച്ചതിൽ 181.92 ച. മീ വിസ്തീർണ്ണമുള്ള കെട്ടിടഭാഗം പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ചതായും 215.76 ച. മീ. വിസ്തീർണ്ണമുള്ള കെട്ടിടം പെർമിറ്റ് എടുക്കാതെ നിർമ്മിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ട് കെട്ടിടങ്ങളുടെ റഗുലറൈസേഷൻ ഫീസായി 5056/- രൂപ ഈടാക്കേണ്ടിയിരിക്കെ 3977/- രൂപയാണ് ഫീസ് ഈടാക്കിയിരിക്കുന്നത്. 1079/- രൂപ വരവിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

b. ശ്രീ. ലൈജു, പതിയങ്കാട്ട് എന്നയാളുടെ ഉടമസ്ഥതയിലുള്ള താമസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ റഗുലൈസേഷൻ അപേക്ഷ ഫയൽ പരിശോധിച്ചതിൽ 126.47 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം പെർമിറ്റ് എടുക്കാതെ നിർമ്മിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ റഗുലറൈസേഷൻ ഫീസായി 1138.23 രൂപ ഈടാക്കാമായിരിക്കെ 759/- രൂപയാണ് ഈടാക്കിയിരിക്കുന്നത്. 379/- രൂപ ഈയിനത്തിൽ കുറവുണ്ടായിട്ടുണ്ട്.

c. ശ്രീ. ഹരിലാൽ. ആർ, രാജ് നിവാസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ റഗുലൈസേഷൻ അപേക്ഷ ഫയൽ പരിശോധിച്ചതിൽ 52.80 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടഭാഗം പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ചതായും 58.25 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം പെർമിറ്റ് എടുക്കാതെ നിർമ്മിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ റഗുലറൈസേഷൻ ഫീസായി 1402/- രൂപ ഈടാക്കാമായിരിക്കെ 666/- രൂപയാണ് ഈടാക്കിയിരിക്കുന്നത്. 736/- രൂപ ഈയിനത്തിൽ കുറവുണ്ടായിട്ടുണ്ട്.

d. സെക്രട്ടറി, അശ്റർ മഹൽ മുസ്ലീം ജമാഅത്തിന്റെ ഉടമസ്ഥതയിലുള്ള താമസ, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ റഗുലൈസേഷൻ, പെർമിറ്റ് അപേക്ഷ ഫയൽ എന്നിവ പരിശോധിച്ചതിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളിൽ അധികരിച്ച നിർമ്മാണം, പെർമിറ്റില്ലാതെ നിർമ്മാണം എന്നിവയുടെ റഗുലൈസേഷൻ, പുതിയ താമസ, വാണിജ്യകെട്ടിടങ്ങളുടെ പെർമിറ്റ് എന്നിവക്കുള്ള ഫീസാണ് ഈടാക്കിയിരിക്കുന്നത്. ഫയൽ പ്രകാരം നിലവിലുണ്ടായിരുന്ന 10/720 നം. കെട്ടിടത്തിന്റെ വിസ്തീർണ്ണം 280 ച.മീ നിന്ന് 879.60 ആയും 10/718 നം. കെട്ടിടത്തിന്റെ വിസ്തീർണ്ണം 120 ച.മീ നിന്ന് 269.60 ആയും കൂട്ടി നിർമ്മിക്കുകയും 60.98ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം പെർമിറ്റില്ലാതെ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ 708.43 ച.മീ വാണിജ്യ കെട്ടിടവും 94.12 ച.മീ ഗാർഹിക കെട്ടിടവും നിർമ്മിക്കുന്നതിനുമാണ് ഫീസ് വാങ്ങിയിട്ടുള്ളത്. പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടത്തിന് 915/- രൂപയും അധികരിച്ച് നിർമ്മിച്ച 749.20 ച.മീ കെട്ടിടത്തിന് 7492/- രൂപയും റഗുലറൈസേഷൻ ഫീസായി ഈടാക്കാമായിരിക്കെ ആകെ 305/- രൂപയാണ് ഈയിനത്തിൽ ഈടാക്കിയത്. 8102/- രൂപ ഈയിനത്തിൽ

കുറവുണ്ടായിട്ടുണ്ട്.

ഈയിനങ്ങളിലായി പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന 10,296/- രൂപ (1079+379+736+8102) ബന്ധപ്പെട്ട കെട്ടിട ഉടമസ്ഥരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കൂടാതെ പെർമിറ്റ് രജിസ്റ്റർ പ്രകാരം മറ്റ് ധാരാളം കെട്ടിടങ്ങളുടെ പെർമിറ്റ്, റഗുലറൈസേഷൻ ഫീസിനങ്ങളിലും കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ ഫയലുകൾ ലഭ്യമാക്കാത്തതിനാൽ ഇവയുടെ പരിശോധന സാധ്യമായിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വാടക -അപാകതകൾ

അരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാടക സംബന്ധിച്ച വരവുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തോഫീസിന് സമീപം പഞ്ചായത്ത് നിർമ്മിച്ച് നൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രിയുടെ ആംബുലൻസ് ബുക്കിംഗ് സർവ്വീസിനായി ഉപയോഗിക്കുന്ന കെട്ടിടം, ജൻ-ഔഷധി മെഡിക്കൽ ഷോപ്പിനായി നൽകിയിരിക്കുന്ന കെട്ടിടം, പഴയ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസ് എന്നിവയുടെ വിവരങ്ങൾ പഞ്ചായത്ത് വാടക രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ വാടക ഈടാക്കുകയോ ചെയ്യുന്നില്ല. ഈ കെട്ടിടങ്ങളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നല്കിയത് സംബന്ധിച്ച യാതൊരു രേഖകളുമില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ നിയമാനുസൃത പ്രവർത്തനാനുമതി, വാടക സംബന്ധിച്ച് കരാർ എന്നിവയില്ലാതെ പ്രവർത്തിക്കുന്നത് നിയമവിരുദ്ധമാണ്. സ്വകാര്യ ആശുപത്രിയുടെ സൗജന്യ ആംബുലൻസ് സേവനം എന്ന പേരിലാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്നാണ് സെക്രട്ടറി അറിയിച്ചത്. എന്നാൽ ആംബുലൻസ് സേവനത്തിന് നിരക്ക് ഈടാക്കുന്നുണ്ട് എന്ന് എക്സിറ്റ് കോൺഫ്രൻസിൽ മെമ്പർമാർ അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നുണ്ട്. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് സ്വകാര്യസ്ഥാപനങ്ങൾക്ക് യാതൊരു വ്യവസ്ഥകളുമില്ലാതെ പ്രവർത്തിക്കുവാൻ അനുമതി നൽകുന്നത് ക്രമപ്രകാരമല്ല. പഞ്ചായത്തിന്റെ കെട്ടിടങ്ങളിലെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയമാനുസൃതമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലെക്സിലെ താഴെപ്പറയുന്ന മുറികളുടെ വാടകയിൽ കുടിശ്ശിക ഉള്ളതായി കാണുന്നു.

| മുറി/സ്റ്റാൾ നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|---|
| S7 | സുബിമോൻ | 992/- | 40692/- (മുൻ വർഷത്തെ ഉൾപ്പെടെ) |
| S10 | രാജേഷ്, നികർത്തിൽ | 800/- | 6400/- |
| FA(1) 115 | അരൂർ ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം | 7392/- | 14784/- |
| | | ആകെ | 61876/- |

കെട്ടിട വാടകയിലുള്ള കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ കെട്ടിടത്തിലെ ഒഴിഞ്ഞു കിടക്കുന്ന G2, S5, സ്റ്റാൾനം.3, സ്റ്റാൾ നം.4, സ്റ്റാൾ നം.1C എന്നിവ പുനർലേലം നടത്തി നല്കിയിട്ടില്ല. ഈ കെട്ടിടങ്ങളുടെ പുനർലേലത്തിനും നടപടി സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയിൽ പ്രതിവർഷം 5% വർദ്ധന വരുത്തുന്നുണ്ട്. എന്നാൽ അരൂർ ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം, അരൂർ-എഴുപുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം, ശ്രീകുമാരവിലാസം മത്സ്യ വിപണനകേന്ദ്രം എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മുറികളുടെ വാടകയിൽ 5% വർദ്ധന വരുത്താതെ മുൻവർഷത്തെ അതേ വാടകയിൽ (7392/-രൂപ) തന്നെയാണ് നൽകിയിട്ടുള്ളത്. ഈ കെട്ടിടങ്ങളെ വാടക വർദ്ധനയിൽ നിന്നും ഒഴിവാക്കിയതു സംബന്ധിച്ച് പഞ്ചായത്ത് മറുപടി ഹാജരാക്കിയിട്ടില്ല. നിയമാനുസൃത വാടക വർദ്ധനവ് എല്ലാ കെട്ടിടങ്ങൾക്കും ബാധകമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ലേലം – വരവിൽ വ്യക്തത ഇല്ല

അരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച വരവുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ RP-5 ഷെഡ്യൂൾ പ്രകാരം ഉപയോഗശൂന്യമായ വസ്തുക്കൾ വിറ്റ ഇനത്തിൽ 1,02,832/- രൂപയും സെയിൽ ഓഫ് സ്ക്രാപ്പ് ഇനത്തിൽ 21,870/- രൂപയും വരവ് ഉണ്ട്. എന്നാൽ ഈ തുകയുടെ വരവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. ഹാജരാക്കിയ ഫയലുകൾ പ്രകാരം പഴയ തടി കസേരകൾ, സ്റ്റീൽ റാക്ക്, ടിൻ ഷീറ്റുകൾ എന്നിവ ലേലം ചെയ്തതിൽ ലഭിച്ച 13870/- രൂപയാണ് ഈ ഇനത്തിലെ ആകെ വരവ്. പഴയ ട്യൂബ് ലൈറ്റുകൾ, CFL എന്നിവ 11,100/-രൂപയ്ക്ക് ശ്രീ. തങ്കച്ചൻ എന്നയാൾ ലേലം കൊണ്ടതായി കാണുന്നുണ്ടെങ്കിലും തുക ഒടുക്കിയതായ വിവരം ലഭ്യമല്ല. കൂടാതെ 3.2.18ൽ നടന്ന ലേലത്തിൽ ലാമ്പ് പോസ്റ്റുകൾ 30500/-രൂപയ്ക്ക് ശ്രീ ഷാജി, ശാന്തിഭവനം എന്നയാൾ ഏറ്റെടുത്തെങ്കിലും പോസ്റ്റിൽ ഘടിപ്പിച്ചിരുന്ന പഴയ തെരുവ് വിളക്കുകൾ കൂടി ടിയാൾ ആവശ്യപ്പെട്ടതിനാൽ ലേലം റദ്ദാക്കിയതായി ഫയലിൽ കാണുന്നു. എന്നാൽ പിന്നീട് പുനർലേലം നടത്തിയതായ വിവരങ്ങൾ ഒന്നും ഫയലിൽ ഇല്ല. ലേലം നടത്തി വരവ് ലഭിച്ചിട്ടുള്ള പല ഇനങ്ങളുടെയും ലേലഡയറി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല പഞ്ചായത്തിൽ ലേല രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ലാത്തതിനാൽ കരാറുകാർ ലേലസംഖ്യ നിശ്ചിത തിയതികളിൽ അടക്കുന്നത് ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല. ലേലം ഇനത്തിലുള്ള വരവിലും വ്യക്തത ഇല്ല. ഗ്രാമപഞ്ചായത്തിന്റെ ഓരോ സാമ്പത്തിക വർഷത്തെയും ലേലം സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള ലേല രജിസ്റ്റർ തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
2. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ക്രിമറ്റോറിയത്തിന്റെ 2017-18 ലെ നടത്തിപ്പ് ലേലം ചെയ്യുന്നതായി ലേല നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലേലം, പുനർലേലം എന്നിവ സംബന്ധിച്ചുള്ള മറ്റ് വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ഇല്ല. നിലവിൽ ക്രിമറ്റോറിയത്തിൽ നിന്നുള്ള വരുമാനം പഞ്ചായത്തിൽ അടക്കുകയും അതിൽ നിന്നും നിശ്ചിത തുക ക്രിമറ്റോറിയം നടത്തുന്നയാളിന് നൽകുകയുമാണ് ചെയ്യുന്നത്. ഒരു ഫ്യൂണറലിന് ഈടാക്കുന്നത് 3500/- രൂപയും നടത്തിപ്പിനായി ഇതിൽ നിന്നും അനുവദിക്കുന്ന ചെലവ് 3000/- രൂപയുമാണ്. ക്രിമറ്റോറിയം സ്ഥാപിക്കുന്നതിന്റെ വലിയ ചെലവിന് പുറമേ വാർഷിക മെയിന്റനൻസ്, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, പ്രതിമാസം 6000/- രൂപ നിരക്കിൽ നൽകുന്ന ക്ലീനിംഗ് ചാർജ്ജ് എന്നിവയെല്ലാം പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് നൽകിപ്പോരുന്നത്. ക്രിമിറ്റോറിയത്തിന്റെ തുടർ നടത്തിപ്പിനായി വരവ് ചെലവുകളുടെ പൊരുത്തപ്പെടുത്തലിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 2-8 കാർഷിക പദ്ധതികൾക്ക് ലഭിച്ച നിരതദ്രവ്യം ഈടാക്കിയില്ല

അരൂർ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടത്തിയ ടെണ്ടറിൽ പങ്കെടുത്ത ഹമാഷ് വെൻചേഴസ് എന്ന സ്ഥാപനം നൽകിയ ആകെ 18,150/-രൂപയുടെ നിരതദ്രവ്യത്തിനുള്ള 5 ചെക്കുകൾ കളക്ഷന് നൽകാതെ ടെണ്ടറിനൊപ്പം സൂക്ഷിച്ചിരിക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. 16/08/2017 ൽ നൽകിയ ഈ ചെക്കുകൾ മൂന്നുമാസ കാലാവധി കഴിഞ്ഞതിനാൽ റദ്ദായിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ചെക്ക് നം. | തീയതി | തുക | പ്രോജക്ട് നം. |
|---|---|---|---|---|
| Hamash Ventures | 000112 | 16.08.17 | 3,000 | 25/18 |
| Hamash Ventures | 000113 | 16.08.17 | 3,900 | 28/18 |
| Hamash Ventures | 000114 | 16.08.17 | 5,000 | 26/18 |
| Hamash Ventures | 000115 | 16.08.17 | 3,750 | 29/18 |
| Hamash Ventures | 000116 | 16.08.17 | 2,500 | 33/18 |
| ആകെ | | | 18,150 | |

ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിൽ വരവ് വയ്ക്കേണ്ട നിരതദ്രവ്യ തുക കളക്ഷനുപോലും നൽകാതെ സൂക്ഷിച്ചിരിക്കുന്നത് മൂലം

പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ബന്ധപ്പെട്ട ജീവനക്കാരുടെ അനാസ്ഥമൂലം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. ഇത്തരം നടപടികൾ വഴി പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയേതര വരുമാനത്തിൽ കുറവുണ്ടാകുന്നത് ഭരണസമിതി പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ആംബുലൻസ് സർവ്വീസിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ KL-32-D-5126, KL-04-T 6649 എന്നീ രണ്ട് ആംബുലൻസുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഈ ആംബുലൻസുകൾക്കായി ശമ്പളം, ഇന്ധനം, അറ്റകുറ്റപ്പണികൾ എന്നീയിനങ്ങളിൽ വൻ തുകയാണ് ഓരോ സാമ്പത്തിക വർഷവും പഞ്ചായത്ത് ചെലവഴിക്കുന്നത്. ഈ രണ്ട് വാഹനങ്ങളുടെ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള പല യാത്രകളുടേയും നേരെ not paid എന്ന് രേഖപ്പെടുത്തിയിരിക്കുകയാണ്. ഇങ്ങനെയുള്ള യാത്രകളുടെ വിവരങ്ങൾ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങുന്നില്ല. യാത്രകൾക്ക് കിട്ടുന്ന പണം കൃത്യസമയത്ത് അടയ്ക്കാറില്ല. ലോഗ് ബുക്ക് കൃത്യമായി എഴുതുന്നില്ല. ഇന്ധനം നിറയ്ക്കുന്നതിന്റെയും വാങ്ങുന്ന സ്പെയർപാട്സുകളുടെയും വിവരങ്ങൾ ലോഗ് ബുക്കിൽ ചേർക്കാറില്ല. വർഷങ്ങളായി മൈലേജ് ടെസ്റ്റ് നടത്താറില്ല. ദിവസവേതനക്കാരായ ഡ്രൈവർമാർക്ക് ആംബുലൻസ് റിപ്പയറിനായി നൽകിയിട്ടുള്ള സമയത്തും കൃത്യമായി ശമ്പളം നൽകുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഒരു ആംബുലൻസ്, പാലിയേറ്റീവ് കെയറിന്റെ ആവശ്യങ്ങൾക്ക് കൂടി ഉപയോഗിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നിലവിലുണ്ട്. എന്നാൽ പാലിയേറ്റീവ് കെയറിന്റെ ഫയൽ പരിശോധിച്ചതിൽ സ്വകാര്യ വാഹനത്തിന്റെ വാടകയിനത്തിൽ അവിടെ തുക ചെലവഴിക്കുന്നുണ്ട്. ആംബുലൻസുകൾ ഓട്ടം പോകാത്ത ദിനങ്ങളിൽ പാലിയേറ്റീവ് പരിചരണത്തിന് ഉപയോഗിക്കുന്നവിധം പ്രവർത്തനം ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-10 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല.

2017-2018 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 28 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 44340/- രൂപ ജില്ലാപഞ്ചാത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ടി തുക നാളിതുവരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവു വെക്കേണ്ടതായതിനാൽ ടി തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-11 വസ്തുനികുതി-നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല

അരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് I-18 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി ഇനത്തിൽ റസിഡൻഷ്യൽ ബിൽഡിംഗിന് 63,15,200/- രൂപയും നോൺ റസിഡൻഷ്യൽ ബിൽഡിംഗിന് 16,81,010/- രൂപയും ഡിമാൻറിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ, കമ്മിറ്റി തീരുമാനം, ഇത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 6/09.11.2018) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ, വിവിധ കേസുകളിലായി 49,39,474/- രൂപയ്ക്ക് പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുള്ളതിനാൽ ടി തുക ഡിമാൻറിൽ നിന്നും താത്കാലികമായി നീക്കം ചെയ്തിരുന്നുവെന്നും ഇപ്പോൾ നടക്കുന്ന പ്യൂരിഫിക്കേഷന്റെ ഭാഗമായി ഇവയിൽ ചില ഡിമാൻറുകൾ പുനസ്ഥാപിച്ചിട്ടുള്ളതായും, ചില കെട്ടിടങ്ങളുടെ ഡിമാൻറ് ജനറേഷനിൽ തെറ്റ് ഉണ്ടായിരുന്നത് പ്യൂരിഫിക്കേഷന്റെ ഭാഗമായി കറക്ട് ചെയ്തിട്ടുള്ളതിനാലും മുൻവർഷങ്ങളിലെ ഡിമാൻറിൽ മാറ്റം വന്നിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രോസിക്യൂഷൻ ഫയൽ ചെയ്ത 49,39,474/-രൂപ നികുതിയുള്ള കെട്ടിടങ്ങളുൾപ്പെടെ, നികുതി ഒഴിവാക്കപ്പെട്ട ബാക്കി 30,56,736/- രൂപ നികുതിയുള്ള കെട്ടിടങ്ങളെ സംബന്ധിച്ചും ഉള്ള രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത്തരത്തിൽ കെട്ടിടങ്ങളുടെ ഡിമാന്റിൽ വ്യത്യാസം വരുത്തുമ്പോൾ വ്യക്തമായ പരിശോധനാ റിപ്പോർട്ട്, കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ചെയ്യേണ്ടതും ഫയലുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമായിരുന്നു. ഇത്തരത്തിലൊരു വലിയ സംഖ്യ ഡിമാന്റിൽ നിന്നും ഒഴിവാക്കുമ്പോൾ, കൃത്യമായ രേഖകളുടെ അഭാവത്തിൽ ടി കെട്ടിടങ്ങളുടെ നികുതി എന്നേക്കുമായി വരുമാനത്തിൽ നിന്നും നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്. ആയതിനാൽ ഈ വിഷയം ഗൗരവമായി പരിശോധിക്കേണ്ടതും നികുതി ഈടാക്കേണ്ട ഒരു കെട്ടിടത്തെയും ഡിമാൻറിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-12 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് പലിശ ലഭിക്കാത്തത് സംബന്ധിച്ച്-

ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് അരൂർ ശാഖയിലുള്ള ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സേവിംഗ്സ് അക്കൗണ്ടിന് (നമ്പർ- 55) ബാങ്കിൽ നിന്നും പലിശ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. 27.3.14 മുതലുള്ള പാസ്സ് ബുക്കാണ് ഓഡിറ്റിൽ പരിശോധനയ്ക്ക് നൽകിയിട്ടുള്ളത്. പ്രസ്തുത അക്കൗണ്ട് ആരംഭിച്ച തീയതി, ടി അക്കൗണ്ടിൽ ബാങ്ക് പലിശ ഇനത്തിൽ ലഭിച്ച തുകയുടെ വിവരം എന്നിവ ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. പലിശ ലഭിച്ചിട്ടില്ലാത്ത പക്ഷം ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, പലിശ കുടിശ്ശിക സഹിതം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 2-13 സ്ഥിര നിക്ഷേപം - കൃത്യമായ കണക്ക് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക കണക്ക് ബി(12) ഷെഡ്യൂൾ പ്രകാരം സ്ഥിരനിക്ഷേപം ഇനത്തിൽ 31.3.18 ലെ നീക്കിയിരുപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 10601817/- രൂപയാണ്. എന്നാൽ രജിസ്റ്ററിൽ ഇതുമായി ബന്ധപ്പെട്ട കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യമായ വിവരങ്ങൾ ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. സ്ഥിര നിക്ഷേപം സംബന്ധിച്ച് തുക ഡിപ്പോസിറ്റ് ചെയ്ത തീയതി, രസീത് നം., കാലാവധി പൂർത്തിയാകുന്ന തീയതി, മെച്യൂരറ്റി തുക എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 2-14 അംഗൻവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. 31055 /ഡി.സി.2 /2011 തിയതി 22.03.2011 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ എല്ലാ വർഷവും മെയ് 10 നകം വാടക കെട്ടിടങ്ങളിൽ പ്രവൃത്തിക്കുന്നവ ഉൾപ്പടെയുള്ള എല്ലാ അംഗൻവാടികളിലും സന്ദർശനം നടത്തി മെയ് 30 നകം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. എല്ലാ അംഗൻവാടികളും വാർഷിക അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കുന്നതിനും മതിയായ സുരക്ഷിതത്വമില്ലാത്തവ മാറ്റി സ്ഥാപിക്കുന്നതിനും അപകടകരമായ അവസ്ഥയിൽ ഉള്ളവയിൽ പ്രവർത്തനം നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും ഉയർന്ന പരിഗണന നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 2.22 കോടി ചെലവഴിച്ചില്ല

ഓഡിറ്റ വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 7.74 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ കേവലം 5.52കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. മെയിന്റനൻസ് ഫണ്ട് റോഡിനത്തിൽ മാത്രമാണ് 90% ചെലവ് കൈവരിക്കാൻ സാധിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ 56% മാത്രമാണ് തൻവർഷം പൂർത്തിയാക്കിയത്. തൻമൂലം ബാക്കി 2.22കോടിയും നഷ്ടമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ട് ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി തുക | ചെലവു ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 26858000 | 22118975 | 4739025 | 82 |
| വികസന ഫണ്ട് - SCP | 9979902 | 7654846 | 2325056 | 77 |
| വികസന ഫണ്ട് - TSP | 347858 | 170200 | 177658 | 49 |
| മെയിന്റ. ഗ്രാന്റ് - റോഡ് | 13174000 | 11861452 | 1312548 | 90 |
| മെയിന്റ. ഗ്രാന്റ് - നോൺ റോഡ് | 5716000 | 3982356 | 1733644 | 70 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 16645718 | 6549718 | 10096000 | 39 |
| പെർഫോർമൻസ് ഗ്രാന്റ് | 4689987 | 2835094 | 1854893 | 60 |

| | | | | |
|---|---|---|---|---|
| ആകെ | 77411465 | 55172641 | 22238824 | 71 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ ഇത്രയും ഭീമമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് തീർത്തും നിരാശാജനകമാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ (എസം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാക്കുന്നു. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/ അപ്ഡേറ്റ് ചെയ്യപ്പെടാതെയും പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/ പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവർത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ/ മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - പൂർണ്ണമായ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

അരൂർ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം 10 പദ്ധതികളാണ് കൃഷി ഓഫീസർ നടപ്പിലാക്കിയത്. വികസന ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവയിൽ നിന്നായി 25,57,452/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. പദ്ധതി സംബന്ധിച്ച രേഖകൾ പൂർണ്ണമായും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്തൃ ലിസ്റ്റ്, വിതരണ ലിസ്റ്റ്

2017-18 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ 10 പദ്ധതികളിലേയും ഗുണഭോക്തൃലിസ്റ്റായി വാർഡടിസ്ഥാനത്തിലുള്ള ക്ലസ്റ്റർ നമ്പരുകൾ (01 മുതൽ 10 വരെ) മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമസഭ വാർഡടിസ്ഥാനത്തിൽ ഗുണഭോക്താക്കളെയോ കർഷകഗ്രൂപ്പുകളെയോ പദ്ധതികൾക്കായി തിരഞ്ഞെടുത്തിട്ടില്ല. കൃഷി ചെയ്യുന്നതിന് താത്പര്യപ്പെടുന്ന വ്യക്തികൾക്ക് വാർഡടിസ്ഥാനത്തിലുള്ള ക്രമനമ്പരുകളിലുള്ള ക്ലസ്റ്ററുകളിലേക്ക് ഉൾപ്പെടുത്തുകയും ആനുകൂല്യം നൽകുകയുമാണ് ചെയ്തുവരുന്നത്. ആനുകൂല്യം നൽകിയ ക്ലസ്റ്ററുകൾ കാർഷിക ഗ്രൂപ്പുകളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നവയല്ല. ഈ വർഷത്തെ കാർഷിക പദ്ധതികളിലെ ആനുകൂല്യത്തിനായി ഇവരെ മുൻകൂർ നൽകിയ ക്രമനമ്പരുകളിലേക്ക് ഉൾപ്പെടുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്. രണ്ട് പേർ മുതലുള്ള വ്യത്യസ്ത എണ്ണം അംഗങ്ങളെ ഉൾക്കൊള്ളുന്നവയാണ് ഓരോ ക്ലസ്റ്ററും. ഓരോ പദ്ധതിയിലും എത്ര ക്ലസ്റ്ററിന് എത്രവീതം ആനുകൂല്യം നൽകി എന്നുള്ള അടിസ്ഥാന വിവരങ്ങൾ പോലും പരിശോധനക്ക് ലഭ്യമല്ല. ഓരോ ക്ലസ്റ്ററിനും വേണ്ടി കൺവീനറെന്ന പേരിൽ ഒരാളിൽ നിന്നും ഗുണഭോക്തൃവിഹിതം മുഴുവൻ ഈടാക്കി ആനുകൂല്യം പൂർണ്ണമായും അയാൾക്ക് വിതരണം ചെയ്തിരിക്കുകയാണ്. കൺവീനർ ക്ലസ്റ്ററിലെ മറ്റംഗങ്ങൾക്ക് പദ്ധതിയിലെ ആനുകൂല്യങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ പദ്ധതികളിലെ വിതരണവിവരങ്ങൾ പ്രകാരം തന്നെ പല ക്ലസ്റ്റർ കൺവീനർമാർക്കും വിതരണം ചെയ്ത പദ്ധതി ആനുകൂല്യങ്ങളുടെ അളവോ എണ്ണമോ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ പദ്ധതിക്കായി വാങ്ങിയ കാർഷിക വിത്ത്,തൈകൾ ,വളം എന്നിവ പൂർണ്ണമായും വിതരണം നടത്തിയതിന്റെ വിവരങ്ങൾ ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

എ) നെൽകൃഷി വികസനം

(പ്രോജക്ട് നം-19/18)

(ബിൽ നം-18/17-18, Rs.51000/-, C/o 24.02.2018

ബിൽ നം-54/17-18, Rs.4000/-, C/o 23.03.2018

ബിൽ നം-62/17-18, Rs.8500/-, C/o 24.03.2018)

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 63,500/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 11പേരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് പദ്ധതി തുക നൽകിയിരിക്കുന്നത്. എന്നാൽ നെൽകൃഷിക്ക് ഉപയോഗിച്ച ഭൂവിസ്തൃതി, വാങ്ങിയ നെൽവിത്തിന്റെ വിവരങ്ങൾ, അനുബന്ധ കാർഷിക പ്രവർത്തികൾക്കായി തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ എന്നിവയൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൃഷി ഓഫീസറും പദ്ധതി മോണിറ്ററിംഗ് സമിതിയും പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങളും ലഭ്യമല്ല. പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 59,500/- രൂപ ലഭിച്ചിട്ടുണ്ട്. ഈ തുകയുടെ വിനിയോഗവിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപേക്ഷ, പദ്ധതി പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിശദാംശങ്ങൾ, പദ്ധതി മോണിറ്ററിംഗ് സംബന്ധിച്ച വിവരങ്ങൾ, ആനുകൂല്യം നൽകിയ കർഷകരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവയൊന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പടെ ചെലവഴിച്ച 1,23,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി) ക്ലസ്റ്ററടിസ്ഥാനത്തിൽ പുഷ്പകൃഷി വികസനം

(പ്രോജക്ട് നം-32/18)

(ബിൽ നം- 12/17-18, Rs.5,355/-, C/o 14.02.2018

ബിൽ നം- 30/17-18, Rs.7,245/-, C/o 24.02.2018

ബിൽ നം- 37/17-18, Rs.4,000/-, C/o 05.03.2018

ബിൽ നം- 53/17-18, Rs.38,100/-, C/o 22.03.2018

ബിൽ നം- 56/17-18, Rs.37,369/-, C/o 23.03.2018)

ബിൽ നം- 60/17-18, Rs.630/-, C/o 28.03.2018)

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 92,699/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിക്കാതെയാണ് ആകെ 1,24,000/- രൂപയുടെ അടങ്കലുള്ള പദ്ധതിക്കായി വാങ്ങലുകൾ നടത്തിയിട്ടുള്ളത്. അംഗീകാരം ലഭിച്ച പദ്ധതി പ്രകാരം സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നാണ് പുഷ്പതൈകൾ വാങ്ങേണ്ടത്. പദ്ധതിക്കായി ചെലവഴിച്ച 92,699/- രൂപയിൽ 17,640/-

രൂപയുടെ തൈകൾ മാത്രമാണ് കൃഷി വികസന കേന്ദ്രം വഴി വാങ്ങിയത്. ബാക്കി തൈകൾ, വളം എന്നിവയുടെ വാങ്ങലുകൾ സ്വകാര്യ നഴ്സറികളിൽ നിന്നും കർഷകസംഘങ്ങളിൽ നിന്നുമാണ്. ഇവക്കായി ഹാജരാക്കിയ ബില്ലുകൾ പലതും സുതാര്യമല്ല. വൈറ്റില സെന്റ് ജയിംസ് നഴ്സറിയിൽ നിന്നും വാങ്ങിയ 15,000/- രൂപയുടെ ബില്ലിൽ ഏതിനം വിത്താണ് വാങ്ങിയതെന്നോ, എത്രയെണ്ണം വാങ്ങിയെന്നോ, എന്ത് വിലക്കാണ് വാങ്ങിയതെന്നോ പോലുള്ള അടിസ്ഥാന വിവരങ്ങൾ പോലുമില്ല. ഇതേ സ്ഥാപനത്തിൽ നിന്നും തന്നെ അലങ്കാരപുഷ്പസസ്യങ്ങൾ എന്ന പേരിൽ 40,160/- രൂപയുടെ വിത്തുകൾ വേറെയും വാങ്ങിയിട്ടുണ്ട്. ഇതിനു പുറമേ എൽ.ജെ ഇന്റർനാഷണൽ എന്ന സ്വകാര്യസ്ഥാപനത്തിൽ നിന്നും 14,800/- രൂപയുടെ വിത്തുകളും നവജീവൻ കർഷകസമിതിയിൽ നിന്നും 5336/- രൂപയുടെ സൂര്യകാന്തി, ബന്ദി വിത്തുകളും വാങ്ങി. അംഗീകാരം ലഭിച്ച പദ്ധതി പ്രകാരം പുഷ്പതൈ മാത്രം വിതരണം നടത്തുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനുപുറമേ പട്ടണക്കാട് അഗ്രോസർവ്വീസ് സംഘത്തിൽ നിന്നും 21,000/- രൂപയുടെ വളവും ഈ പദ്ധതിക്കായി വാങ്ങിയിട്ടുണ്ട്. ക്ലസ്റ്റർ കൺവീനർമാർക്ക് പദ്ധതി ആനുകൂല്യം പൂർണ്ണമായും നൽകിയതായാണ് കൃഷി ഓഫീസർ അറിയിച്ചത്. എന്നാൽ തൈകൾ, വളം എന്നിവയുടെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ, പദ്ധതിക്കായി വാങ്ങിയ ഗുണഭോക്തൃ വിഹിതത്തിന്റെ വിവരങ്ങൾ, കൃഷിക്ക് ഉപയോഗിച്ച ഭൂവിസ്തൃതി, അനുബന്ധ കാർഷിക പ്രവർത്തികൾക്കായി തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ, പദ്ധതി ചെലവുകളുടെ കൈപ്പറ്റ് വിവരങ്ങൾ എന്നിവയൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൃഷി ഓഫീസറും പദ്ധതി മോണിറ്ററിംഗ് സമിതിയും പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങളും ലഭ്യമല്ല.തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോക്യൂർമെന്റ് മാനുവൽ, സ്റ്റോർ പർച്ചേസ് മാന്വൽ നിബന്ധനകൾക്ക വിരുദ്ധമായി വാങ്ങലുകൾ നടത്തിയതിനാൽ കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള സാധനങ്ങളുടെ വാങ്ങലിനുള്ള സാധ്യത പ്രയോജനപ്പെടുത്തുവാൻ സാധിച്ചില്ല. അംഗീകരിച്ച പദ്ധതിപ്രകാരമല്ലാത്ത ചെലവുകളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രകാരമുള്ള 92,699/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സി) ജൈവവള നിർമ്മാണ യൂണിറ്റ്

(പ്രോജക്ട് നം. - 474/18)

ബിൽ നം. - 36/17-18, Rs.25,000/-, c/o - 5/03/2018)

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ജൈവവള നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനായി ഒരു ഗ്രൂപ്പിന് പരമാവധി 25000/- രൂപ സബ്സിഡി അനുവദിക്കുന്നതാണ്. സർക്കാരിന്റെ പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖപ്രകാരം സബ്സിഡി അനുവദനീയമായ ഇനങ്ങളിൽ ഈ പദ്ധതി ഉൾപ്പെട്ടിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരമല്ലാത്ത ഏതിനത്തിലും പദ്ധതി തുക ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി ആവശ്യമാണ്. സർക്കാർ അനുമതി വാങ്ങിയത് സംബന്ധിച്ച രേഖകളൊന്നും ഇതുവരെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പുതുതായി ജൈവവള യൂണിറ്റ് നിർമ്മാണത്തിനായാണ് വനിതകൾക്ക് മുൻഗണന നൽകി പദ്ധതി തയ്യാറാക്കിയത്. ഈ പദ്ധതി പ്രകാരം നവജീവൻ കർഷക കർമ്മ സമിതി, അരൂർ എന്ന സംഘത്തിനാണ് 25000/- രൂപയുടെ സബ്സിഡി അനുവദിച്ചത്. ചാണകം, വേപ്പിൻ പിണ്ണാക്ക്, ചണച്ചാക്ക്, ടാർപ്പോളിൻ, ട്രൈക്കോഡെർമ, കൂലിച്ചെലവ് എന്നീയിനങ്ങളിലായി 60,470/- രൂപ ചെലവഴിച്ചതായി സംഘം 20/02/2018 ൽ ലെറ്റർ ഹെഡിൽ എഴുതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക അനുവദിച്ചിരിക്കുന്നത്. സംഘം വളനിർമ്മാണ യൂണിറ്റിനായി സ്ഥലം കണ്ടെത്തിയതിന്റെയോ മറ്റേതെങ്കിലും പ്രവർത്തനങ്ങൾ നടത്തിയതിന്റെയോ രേഖകളില്ല. പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ ഈ സംഘം ALP/TC/578/2017 നമ്പരായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതാണ്. സബ്സിഡി അനുവദിക്കുന്നതിന് മുമ്പേ തന്നെ അരൂർ ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നടത്തിയ വിവിധപദ്ധതികളിൽ ഏറ്റവുമധികം വാങ്ങൽ നടത്തിയിരിക്കുന്നത് ഈ സ്ഥാപനത്തിൽ നിന്നാണ്. പുതുതായി ജൈവവളയൂണിറ്റ് തുടങ്ങുന്നതിന് അനുവദിക്കുന്ന സബ്സിഡി ചെലവ് സംബന്ധിച്ച യാതൊരുരേഖകളുമില്ലാതെ നൽകിയത് വിശദീകരിക്കേണ്ടതാണ്. ഈ പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചതായോ മറ്റ് ഗ്രൂപ്പുകൾ സബ്സിഡിക്കായി അപേക്ഷിച്ചതിന്റേയോ വിവരങ്ങളില്ല. ഇക്കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കാത്ത സാഹചര്യത്തിൽ ഈ പദ്ധതി പ്രകാരം ചെലവഴിച്ച 25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഡി) ക്ലസ്റ്ററടിസ്ഥാനത്തിൽ തെങ്ങ് കൃഷി

(പ്രോജക്ട് നം - 25/18)

ബിൽ നം. - 2/17-08, 77800/-, C/o – 12.01.2018

- 6/17-18, 38384/-, C/o – 14.02.2018

- 14/17-18, 68000/-, C/o – 14.02.2018
- 15/17-18, 42367/-, C/o – 24.02.2018
- 32/17-18, 78000/-, C/o – 05.03.2018
- 39/17-18, 15498/-, C/o – 05.03.2018
- 40/17-18, 9102/-, C/o – 05.03.2018
- 42/17-18, 22762/-, C/o – 17.03.2018
- 43/17-18, 4920/-, C/o – 17.03.2018
- 44/17-18, 62535/-, C/o – 17.03.2018
- 45/17-18, 96000/-, C/o – 17.03.2018
- 52/17-18, 3337/-, C/o – 21.03.2018
- 61/17-18, 2025/-, C/o – 24.03.2018
- 63/17-18, 11000/-, C/o – 28.03.2018
- 58/17-18, 34000/-, C/o – 23.03.2018

പദ്ധതി പ്രകാരം പഞ്ചായത്തിലെ 1200 കേട് വന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം 2200 പുതിയ തെങ്ങുകൾ നട്ടുപിടിപ്പിക്കുന്നതിനും 3000 തെങ്ങുകൾക്ക് വളം വിതരണം ചെയ്യുന്നതിനും ലക്ഷ്യമിടുന്നു. തെങ്ങിൻ തൈകൾ സർക്കാർ അംഗീകൃത നഴ്സറികളിൽ നിന്നും വാങ്ങുകയും ജൈവവളം വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയുമാണ് ചെയ്തത്. 31/07/2017-ൽ സി1-389/17 നമ്പരായി നൽകിയ ടെണ്ടറിൽ തെങ്ങിന് വളം എന്നല്ലാതെ വളത്തിന്റെ മറ്റു വിശദാംശങ്ങളൊന്നും നൽകിയിരുന്നില്ല. ടെണ്ടർ പ്രകാരം ജൈവവളം വിതരണം നടത്തുന്നതിനായി വിവിധ സ്ഥാപനങ്ങൾ കി.ഗ്രാമിന് 7.44 രൂപ, 7.90 രൂപ എന്നിങ്ങനെയുള്ള റേറ്റ് ക്വാട്ട് ചെയ്തെങ്കിലും റെയ്ഡ്കോയിൽ നിന്നും കി.ഗ്രാമിന് 21.90 രൂപ വീതം നിരക്കിൽ എല്ലുപൊടി, വേപ്പിൻപിണ്ണാക്ക് എന്നിവയാണ് വാങ്ങിയത്. ഉത്പന്നങ്ങളുടെ കൃത്യമായ ആവശ്യകത നിർണ്ണയിച്ച് വാങ്ങൽ നടത്താത്തത് തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോക്യൂർമെന്റ് മാന്വൽ, സ്റ്റോർ പർച്ചേസ് മാന്വൽ നിബന്ധനകൾക്ക് വിരുദ്ധമായ നടപടിയാണ്. പദ്ധതി പ്രകാരം എല്ലുപൊടി, വേപ്പിൻപിണ്ണാക്ക് എന്നിവയാണ് ലഭ്യമാക്കേണ്ടത് എന്ന് ടെണ്ടറിൽ രേഖപ്പെടുത്താത്തതിനാൽ മറ്റ് സ്ഥാപനങ്ങൾക്ക് ഇവയുടെ നിരക്ക് ക്വാട്ട് ചെയ്യാനും അതുവഴി കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള സാധനങ്ങളുടെ വാങ്ങലിനുള്ള സാധ്യത പ്രയോജനപ്പെടുത്തുവാനും സാധിച്ചില്ല. പദ്ധതി ടെണ്ടറിൽ പങ്കെടുക്കാത്ത പട്ടണക്കാട് അഗ്രോസർവ്വീസ് സംഘത്തിൽ നിന്നും ഇതേ നിരക്കിൽ 1,500kg വളം 32,850/- രൂപക്ക് വാങ്ങിയിട്ടുണ്ട്. പദ്ധതിയിൽപ്പെടുത്തി വിവിധ ബില്ലുകൾ പ്രകാരം 2,53,000/- രൂപ 134 കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ കേടുവന്ന എത്ര തെങ്ങുകളാണ് പദ്ധതി പ്രകാരം മുറിച്ചുമാറ്റിയതെന്നോ ഓരോരുത്തർക്കും നൽകിയ തുകയുടേയും പകരം നൽകിയ തൈകളുടെ വിവരങ്ങളോ വളത്തിന്റെ വിതരണവിവരങ്ങളോ സ്റ്റോക്ക് വിവരങ്ങളോ ഹാജരാക്കിയിട്ടില്ല. പദ്ധതി പ്രകാരം വെട്ടിമാറ്റിയ തെങ്ങുകളുടെയും പകരം അനുവദിച്ച നഷ്ടപരിഹാരത്തിന്റെയും തൈകളുടേയും വളത്തിന്റെയും വിതരണ രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 5,65,730/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഇ) ക്ലസ്റ്ററടിസ്ഥാനത്തിൽ വാഴകൃഷി

പ്രോജക്ട് നം. - 29/18

ബിൽ നം. - 7/17-18, 18025/-, C/o – 14.02.2018

- 21/17-18, 12408/-, C/o – 24.02.2018
- 31/17-18, 5400/-, C/o – 05.03.2018
- 38/17-18, 7920/-, C/o – 05.03.2018

കർഷകർക്ക് വാഴവിത്തും വളവും വിതരണം ചെയ്യുന്ന പദ്ധതിക്കായി വാഴവിത്ത്, ജൈവവളം, ഡോളോമൈറ്റ് എന്നിവ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ വാഴവിത്തിനും ഡോളോമൈറ്റിനും കുറഞ്ഞ നിരക്ക്

ക്വാട്ട് ചെയ്തത് റെയ്ഡകോയും ജൈവവളത്തിന് റ്റി.കെ.എസ് സംഘവുമാണ് (5.80/kg).എന്നാൽ വാഴവിത്തിനും ഡോളോമൈറ്റിനും പുറമേ കി.ഗ്രാമിന് 7.20 രൂപ നിരക്കിൽ റെയ്ഡകോയിൽ നിന്നുമാണ് 1720 kg ജൈവവളവും വാങ്ങിയത്. കുറഞ്ഞ നിരക്കിൽ ജൈവവളം ലഭ്യമായിരിക്കെ കൂടിയ നിരക്കിൽ വാങ്ങൽ നടത്തിയതിനാൽ കി.ഗ്രാമിന് 1.40രൂപ നിരക്കിൽ 1720 kg ന് 2408/- രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുക്കാത്ത പട്ടണക്കാട് അഗ്രോസർവ്വീസ് സംഘത്തിൽ നിന്നും യൂണിറ്റിന് 240/- രൂപ നിരക്കിൽ 74 യൂണിറ്റ് ഫിഷ് അമിനോ ആസിഡും (17760/- രൂപ) പദ്ധതിപ്രകാരം വാങ്ങിയിട്ടുണ്ട്. ഒരു യൂണിറ്റിൽ ഉൾപ്പെടുന്ന വളത്തിന്റെ അളവിന്റെ വിശദാംശങ്ങളോ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിച്ചതിന്റെ വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം ആകെ വാങ്ങിയ 740 വാഴവിത്തുകളുടേയും വളത്തിന്റേയും വിതരണം സംബന്ധിച്ച വിശദാംശങ്ങളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൃഷി നടന്നത് സംബന്ധിച്ച് കൃഷി ഓഫീസറുടേയോ മോണിറ്ററിംഗ് സമിതിയുടേയോ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. കൂടിയനിരക്കിലുള്ള വാങ്ങൽ, ക്വട്ടേഷൻ കൂടാതെ വിതരണ വിവരങ്ങളില്ലാത്ത സ്വകാര്യസ്ഥാപനത്തിൽ നിന്നുള്ള വാങ്ങൽ എന്നീ പദ്ധതിക്കായി ചെലവഴിച്ച 43933/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എഫ്) ക്ലസ്റ്ററടിസ്ഥാനത്തിൽ കുരുമുളക് കൃഷി

പ്രോജക്ട് നം. - 33/18

(ബിൽ നം. - 34/17-18, Rs. 3600/-, C/o 05.03.2018

ബിൽ നം. - 35/17-18, Rs. 11970/-, C/o 05.03.2018

ബിൽ നം. - 57/17-18, Rs. 1980/-, C/o 23.03.2018)

കർഷകർക്ക് കുരുമുളക് തൈകളും ജൈവവളവും വിതരണം ചെയ്യുന്ന ഈ പദ്ധതിക്കായി കുരുമുളക് തൈകൾ VFPCKൽ നിന്നും വാങ്ങുകയും ജൈവവളം വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ചെയ്തു.ടെണ്ടർ പ്രകാരം ആവശ്യപ്പെട്ട ജൈവവളത്തിനായി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് റ്റി.കെ.എസ് സംഘമാണ് (5.80/kg). റെയ്ഡ്കോ ഉൾപ്പടെ മറ്റ് മൂന്ന് സ്ഥാപനങ്ങളും ടെണ്ടറിൽ പങ്കെടുത്തിരുന്നു. എന്നാൽ ടെണ്ടറിൽ പങ്കെടുക്കാത്ത പട്ടണക്കാട് അഗ്രോസർവ്വീസ് സംഘത്തിൽ നിന്നുമാണ് വളം വാങ്ങിയത്. ടെണ്ടർ ക്ഷണിച്ചിട്ടും ആയത് പ്രകാരമല്ലാതെ സ്വകാര്യസ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയതിന്റെ കാരണം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയിട്ടില്ല. യൂണിറ്റിന് 60 രൂപ നിരക്കിൽ 390 യൂണിറ്റ് ജൈവവളം 23,400/- രൂപക്കാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ ഒരു യൂണിറ്റിലുൾപ്പെടുന്ന ജൈവവളത്തിലെ അളവ് വ്യക്തമല്ല. പദ്ധതി പ്രകാരം ആകെ വാങ്ങിയ കുരുമുളക് തൈകളുടേയും വളത്തിന്റേയും വിതരണം സംബന്ധിച്ച വിശദാംശങ്ങളൊ പദ്ധതിക്കായി ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ വിവരങ്ങളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൃഷി നടന്നത് സംബന്ധിച്ച കൃഷി ഓഫീസറുടേയോ മോണിറ്ററിംഗ് സമിതിയുടേയോ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെയും ടെണ്ടർ പ്രകാരം വിതരണക്കാരെ ലഭിച്ചിട്ടും സുതാര്യമായ രേഖകളില്ലാതെ സ്വകാര്യസ്ഥാപനത്തിൽ നിന്നും വാങ്ങിയ ജൈവവളത്തിനായി ചെലവഴിച്ച 23,400/- രൂപയുടെ ഉൾപ്പെടെ പദ്ധതിയിൽ ആകെ ചെലവഴിച്ച 134550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ജി) ക്ലസ്റ്ററടിസ്ഥാനത്തിൽ കീടരോഗനിയന്ത്രണം

പ്രോജക്ട് നം. - 28/18

ബിൽ നം. - 10/17-18, Rs. 38249/-, C/o - 23.03.2018

ബിൽ നം. - 24/17-18, Rs. 99416/-, C/o – 24.02.2018

ബിൽ നം. - 55/17-18, Rs. 86771/-, C/o - 29.03.2018

കർഷകർക്ക് കൃഷി കീട നിയന്ത്രണത്തിനായി ജൈവകുമിൾ, കീടനാശിനികൾ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിക്കായി നടത്തിയ ടെണ്ടറിൽ റെയ്ഡ്കോ ഉൾപ്പടെ മറ്റ് മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തിരുന്നു. 30/08/2017ലെ പഞ്ചായത്ത് കമ്മിറ്റിയുടെ IV (a)(iii) നമ്പർ തീരുമാനപ്രകാരം ടെണ്ടറിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിരുന്ന റെയ്ഡകോയിൽ നിന്നും ജൈവകീടനാശിനികൾ വാങ്ങുന്നതിനായിരുന്നു തീരുമാനിച്ചത്. എന്നാൽ ഈ തീരുമാനത്തിനും തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോക്യൂർമെന്റ് മാന്വൽ, സ്റ്റോർ പർച്ചേസ് മാന്വൽ നിബന്ധനങ്ങൾക്കും വിരുദ്ധമായി ടെണ്ടറിൽ പങ്കെടുക്കാത്ത പട്ടണക്കാട് അഗ്രോസർവ്വീസ് സംഘത്തിൽ നിന്നുമാണ് 2,42,575/- രൂപ വരുന്ന പദ്ധതിപ്രകാരമുള്ള കീട നിയന്ത്രോപാധികൾ വാങ്ങിയത്. സ്ഥാപനം വിതരണം ചെയ്തിരിക്കുന്ന പലയിനങ്ങളും സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിലും ഉയർന്ന വിലക്കാണ് വാങ്ങിയിട്ടുള്ളത്. നന്മ എന്ന ജൈവകീടനാശിനിക്ക് സർക്കാർ അംഗീകൃത നിരക്ക് ലിറ്ററിന് 280/-

രൂപയായിരിക്കെ ലിറ്ററിന് 360/- രൂപ നിരക്കിൽ 13.50 ലിറ്ററാണ് വാങ്ങിയത്. അതുപോലെ മേന്മ ജൈവകീടനാശിനിക്ക് സർക്കാർ അംഗീകൃത നിരക്ക് 250 ml 80/- രൂപയായിരിക്കെ ലിറ്ററിന് 360/- രൂപ നിരക്കിൽ 5 ലിറ്ററാണ് വാങ്ങിയത്. വാങ്ങിയ കീടനാശിനികളുടെ സ്റ്റോക്ക്, വിതരണ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതിക്കായി ഈടാക്കിയ ഗുണഭോക്തൃവിഹിതം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല. ടെണ്ടർ നടപടികൾ സ്വീകരിച്ച ശേഷം പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായി നടത്തിയ വാങ്ങൽ ക്രമപ്രകാരമല്ല. ഈ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 2,42,575/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എച്ച്) ക്ലസ്റ്ററടിസ്ഥാനത്തിൽ പച്ചക്കറി കൃഷി

പ്രോജക്ട് നം. - 26/18

ബിൽ നം. - 1/17-18, 15000/-, C/o - 12.01.2018

- 3/17-18, 93000/-, C/o - 24.01.2018
- 4/17-18, 58000/-, C/o - 24.01.2018
- 5/17-18, 72600/-, C/o - 24.01.2018
- 9/17-18, 71000/-, C/o - 14.02.2018
- 16/17-18, 82000/-, C/o - 24.02.2018
- 17/17-18, 29000/-, C/o - 24.02.2018
- 20/17-18, 18457/-, C/o - 24.02.2018
- 23/17-18, 112500/-, C/o - 24.02.2018
- 26/17-18, 6700/-, C/o - 24.02.2018
- 29/17-18, 13600/-, C/o - 24.02.2018
- 33/17-18, 32850/-, C/o - 05.03.2018
- 41/17-18, 9597/-, C/o - 05.03.2018
- 48/17-18, 42500/-, C/o - 21.03.2018
- 49/17-18, 120000/-, C/o - 21.03.2018

പദ്ധതി പ്രകാരം പഞ്ചായത്തിലെ കർഷകർക്ക് ഗ്രോബാഗ്, പച്ചക്കറി തൈകൾ,വളം എന്നിവയാണ് വാങ്ങി വിതരണം ചെയ്യേണ്ടത്. എന്നാൽ പദ്ധതിയിലെ ജൈവവളം മാത്രം വിതരണം ചെയ്യുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്. എന്നാൽ 7,54,000/- രൂപക്കുള്ള ഗ്രോബാഗ് വാങ്ങിയത് ടെണ്ടറില്ലാതെയാണ്. ജൈവവളം സംബന്ധിച്ച് മറ്റു വിശദാംശങ്ങളൊന്നും ടെണ്ടറിൽ നൽകിയതുമില്ല. ടെണ്ടറിലെ ആവശ്യ പ്രകാരം ജൈവവളം സപ്ലൈ ചെയ്യുന്നതിനായി കി.ഗ്രാമിന് 5.80 രൂപ (റ്റി.കെ.എസ് സഹകരണസംഘം) 7.44 രൂപ (സതേൺ ഫെർട്ടിലൈസേഴ്സ്), 7.50 രൂപ റെയ്ഡ്കോ എന്നിങ്ങനെയുള്ള റേറ്റ് സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തെങ്കിലും റെയ്ഡ്കോയിൽ നിന്നുമാണ് 8000 kg വളം വാങ്ങിയത്. 30/08/2017ലെ പഞ്ചായത്ത് കമ്മിറ്റിയുടെ IV (a)(iii) നമ്പർ തീരുമാനപ്രകാരം ടെണ്ടറിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിരുന്നത് റ്റി.കെ.എസ് സഹകരണസംഘ മാണെങ്കിലും ടെസ്റ്റ് റിപ്പോർട്ടുള്ളതിനാൽ റെയ്ഡ്കോയിൽ നിന്നും ജൈവവളം വാങ്ങുന്നതിനായിരുന്നു തീരുമാനിച്ചത്. എന്നാൽ റെയ്ഡ്കോ ടെണ്ടറിനൊപ്പം ഹാജരാക്കിയ ടെസ്റ്റ് റിപ്പോർട്ട് 01/10/2014 ലേതാണ്. ഇതിനായി നൽകിയ സാമ്പിളുകളാകട്ടെ 25/08/2014 ലേതും ഇതാകട്ടെ കോട്ടയത്തെ വേമ്പനാട് കെമിക്കൽസ് എന്ന സ്ഥാപനത്തിന്റെതാണ്. 2014ൽ നൽകിയ സാമ്പിളിന്റെ ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം വാങ്ങൽ നടത്തിയതുമൂലം 11,200/- രൂപ (8000x1.40) അധിക ചെലവുണ്ടായി. ടെണ്ടറിൽ പങ്കെടുക്കാത്ത നവജീവൻ കർഷക സമിതിയിൽ നിന്നും വിത്തുകളും വാങ്ങിയിട്ടുണ്ട്. പദ്ധതി പ്രകാരം കൂലിച്ചെലവ് സബ്സിഡിയായി 42,500/- രൂപ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം കൃഷിഭൂമിയുടെ വിസ്തൃതി, ഓരോരുത്തർക്കും നൽകിയ തുകയുടെ വിശദാംശങ്ങൾ, കൺവീനർ ക്ലസ്റ്ററിലെ മറ്റംഗങ്ങൾക്ക് പദ്ധതിയിലെ ആനുകൂല്യങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ, പല ക്ലസ്റ്റർ കൺവീനർമാർക്കും വിതരണം ചെയ്ത പദ്ധതി ആനുകൂല്യങ്ങളുടെ അളവോ എണ്ണമോ സ്റ്റോക്ക് വിവരങ്ങളോ ഹാജരാക്കിയിട്ടില്ല. ഈ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയുടെ വിനിയോഗവിവരങ്ങളും ഹാജരാക്കിയിട്ടില്ല. തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോക്യൂർമെന്റ് മാന്വൽ, സ്റ്റോർ

പർച്ചേസ് മാന്വൽ നിബന്ധനങ്ങൾ കൂടാതെ വാങ്ങലുകൾ നടത്തിയതിനാലും വാങ്ങിയ സാധനങ്ങളുടെ കൃത്യമായ വിതരണം ഉറപ്പുവരുത്താനാകാത്തതിനാലും പദ്ധതിയിൽ ചെലവഴിച്ച 819304/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ബിറ്റുമിൻ വാങ്ങൽ - നൽകിയ തുകയ്ക്കുള്ള ബിറ്റുമിൻ ലഭ്യമായില്ല.

ചെക്ക് നം. 1121959/11.4.17 - 66137/-

1121960/11.4.17 - 518963/-

1121961/12.4.17 - 361326/-

25084/20.2.18 - 247301/-

25085/20.2.18 - 198822/-

ആകെ - 1392549/-

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ റോഡ് നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിനായി 1392549/- രൂപ സെക്രട്ടറി തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 1352054/- രൂപയുടെ ബിറ്റുമിൻ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്ന് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. / തീയതി | ലഭിച്ച ബാരലിന്റെ എണ്ണം | തുക |
|---|---|---|---|
| 1 | 986/26.4.17 | 34 | 177306 |
| 2 | 745/21.4.17 | 60 | 312893 |
| 3 | 4755/26.4.17 | 9 | 64547 |
| 4 | 4748/26.4.17 | 30 | 353812 |
| 5 | 7750/13.3.18 | 42 | 246258 |
| 6 | 1087/13.3.18 | 4 | 29692 |
| 7 | 1086/13.3.18 | 13 | 167546 |
| | ആകെ | | 1352054 |

അധികമായി നൽകിയ 40495/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4/2017 ൽ ലഭിച്ച ബിറ്റുമിൻ അസി. എഞ്ചിനിയർക്ക് കൈമാറി നൽകിയിട്ടുണ്ട്. ലഭിച്ച ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ബിറ്റുമിൻ കൈപ്പറ്റിയ ആളുടെ പേര്, ഒപ്പ്, കൈപ്പറ്റിയ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വിതരണ വിവരം കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3/18 ൽ വാങ്ങിയ ബിറ്റുമിൻ സെക്രട്ടറിയുടെ മേൽ നോട്ടത്തിലാണ് സ്റ്റോക്ക് ചെയ്ത് വിതരണം നടത്തിയിട്ടുള്ളത്. എന്നാലിതിനായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിന്റെ സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്ററിലാണ് ബിറ്റുമിൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. വിതരണം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ബിറ്റുമിൻ കൈപ്പറ്റിയ ആളുടെ പേര്, ഒപ്പ്, കൈപ്പറ്റിയ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വിതരണ വിവരം കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകളിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 3-5 ബിറ്റുമിൻ സൂക്ഷിക്കുന്നതിലെ അനാസ്ഥ മൂലം രണ്ട് ബാരൽ ബിറ്റുമിൻ പഞ്ചായത്തിന് നഷ്ടപ്പെട്ടു.

ഗ്രാമ പഞ്ചായത്തിലെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2017 ഏപ്രിൽ മാസം വാങ്ങിയ ബിറ്റുമിൻ അസി.എഞ്ചിനിയറും, 2018 മാർച്ചിൽ വാങ്ങിയ ബിറ്റുമിൻ സെക്രട്ടറിയും പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിലായി രേഖപ്പെടുത്തിയാണ് വിതരണം ചെയ്തിട്ടുള്ളത്. ഓഡിറ്റ് തീയതിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ ശേഷിക്കുന്ന ബിറ്റുമിന്റെ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തിയതിൽ അസി.എഞ്ചിനിയർ സൂക്ഷിച്ചിട്ടുള്ള 10 ബാരൽ ബിറ്റുമിനിൽ ഒരു ബാരൽ ബിറ്റുമിനും ( SS.1), സെക്രട്ടറി സൂക്ഷിച്ചിട്ടുള്ള 14 ബാരൽ ബിറ്റുമിനിൽ ഒരു ബാരൽ ബിറ്റുമിനും (vg.30) പൂർണ്ണമായും പൊട്ടിയൊഴുകി നഷ്ടപ്പെട്ടിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു.

2017-18 വാർഷിക പദ്ധതിയ്ക്കായി വാങ്ങിയ ബിറ്റുമിനിൽ 24 ബാരൽ ബിറ്റുമിൻ സാമ്പത്തിക വർഷം അവസാനിച്ച എട്ട് മാസങ്ങൾക്കു ശേഷവും ഉപയോഗിക്കപ്പെടാതെ ശേഷിക്കുന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയാണ്. ആവശ്യകത കൃത്യമായി നിർണ്ണയിക്കപ്പെടാതെ ബിറ്റുമിൻ വാങ്ങിയതു മൂലമാണ് ടി അപാകതയുണ്ടായിട്ടുള്ളത്. മേൽ അപാകതകളിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ടാറിംഗ് പ്രവൃത്തികൾ യഥാസമയം നടപ്പാക്കാതിരുന്നതു മൂലമാണ് ബിറ്റുമിൻ നഷ്ടപ്പെടുവാനിടയായതെന്നും, ആയത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയറുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ അസി.എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ ബിറ്റുമിൻ ഇറക്കിയ അവസരത്തിൽ ബാരൽ താഴെ വീണതു മൂലമാണ് ബിറ്റുമിൻ നഷ്ടപ്പെടുവാനിടയായതെന്നാണ് അറിയിച്ചിട്ടുള്ളത് . ഗ്രാമ പഞ്ചായത്തിൽ ലഭിച്ച ബിറ്റുമിൻ കാര്യക്ഷമമായി സൂക്ഷിക്കാതിരുന്നതിനാലും, പ്രവൃത്തികൾ യഥാസമയം നടപ്പാക്കാതിരുന്നതിനാലുമാണ് ബിറ്റുമിൻ നഷ്ടപ്പെട്ടതെന്നുള്ളതിനാൽ പരസ്പര വിരുദ്ധമായ പ്രസ്തുത മറുപടികൾ അംഗീകരിക്കാവുന്നതല്ല. നഷ്ടപ്പെട്ട രണ്ട് ബാരൽ ബിറ്റുമിന്റെ വില 17660/- രൂപ (ഇൻവോയ്സ് പ്രകാരമുള്ള തുക) ഉത്തരവാദപ്പെട്ട അസി.എഞ്ചിനിയർ, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 3-6 തനത് ഫണ്ടുപയോഗിച്ചുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് അധിക തുക പിൻവലിച്ചു നൽകി.

ഗ്രാമ പഞ്ചായത്തിൽ കൺവീനർമാർ മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ തനത് ഫണ്ടുപയോഗിച്ചാണ് വാങ്ങി നൽകിയിട്ടുള്ളത്. മറ്റു ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ വില കുറവ് ചെയ്ത് അസി.എഞ്ചിനിയറുടെ ടി.എസ്.ബി അക്കൗണ്ടിൽ ഇട്ടശേഷം തനത് ഫണ്ടിലേയ്ക്ക് തിരികെ നൽകിയിട്ടുണ്ട്. തനത് ഫണ്ടുപയോഗിച്ചുള്ള റോഡ് നിർമ്മാണ പ്രവൃത്തികളിൽ പ്രവൃത്തിയ്ക്കുപയോഗിച്ച ബിറ്റുമിൻ വില കുറവ് ചെയ്ത ശേഷമുള്ള തുകയാണ് പിൻവലിച്ച് നൽകേണ്ടത്. എന്നാലിതിനു പകരം ബിൽ പ്രകാരമുള്ള ആകെ തുകയാണ് തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് അസി.എഞ്ചിനിയർക്ക് നൽകിയിട്ടുള്ളത്. ഇതു മൂലം അധിക ചെലവുണ്ടായിട്ടുള്ളതായി കാണുന്നു. പ്രവൃത്തികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

*1. കോയിക്കൽ റോഡ് പുനരുദ്ധാരണം*

പ്രോജക്ട് നം. - 383/18

കൺവീനർ - ശ്യാംകുമാർ.ആർ

അളവ് പുസ്തകം - 47/16-17

പ്രവൃത്തി മൂല്യം - 463813/-

പ്രവൃത്തിയ്ക്കായി ഉപയോഗിച്ച ബിറ്റുമിന്റെ വില 75698/- രൂപ. ടി തുക കുറവ് ചെയ്ത ശേഷം തനത് ഫണ്ടിൽ നിന്നും പിൻവലിക്കാവുന്ന തുക – 388115/- രൂപ. എന്നാലിതിനു പകരം ബിൽ തുകയായ 463813/- രൂപയും തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് അസി.എഞ്ചിനിയർക്ക് നൽകി.

ചെക്ക് നം. - 1838106/2.2.18 - 388115/-

- 336634/31.3.18 - 75698/-

ആകെ - 463813/-

2. വെള്ളാഞ്ഞി അംഗൻവാടി റോഡ് മെറ്റലിംഗ് & ടാറിംഗ്

പ്രോജക്ട് നം. - 368/18

കൺവീനർ - കെ.കെ.അബ്ദുൾ കരീം

പ്രവൃത്തി മൂല്യം - 452551/-

പ്രവൃത്തിയ്ക്കായി ഉപയോഗിച്ച ബിറ്റുമിന്റെ വിലയായി 66021/- രൂപ കുറവ് ചെയ്ത ശേഷം തനത് ഫണ്ടിൽ നിന്നും പിൻവലിക്കാവുന്ന തുക – 386530/- രൂപ. എന്നാലിതിനു പകരം 452869/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് അസി. എഞ്ചിനിയർക്ക് നൽകി.

ചെക്ക് നം. - 336634/31.3.18 - 386530/-

- 336634/31.3.18 - 66339/-

ആകെ - 452869/-

പ്രസ്തുത തുകകൾ അസി. എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ- ലുള്ള കറന്റ് അക്കൗണ്ടിലേയ്ക്കാണ് നൽകിയിട്ടുള്ളത്. (അക്കൗണ്ട് നം. 35159510909) ഇത്തരത്തിൽ ബിറ്റുമിൻ വില കുറയ്ക്കാതെ തുക നൽകിയതു മൂലം 142037/- രൂപ (75698+66339) അധികമായി നൽകിയിട്ടുണ്ട്. ടി തുക തനത് ഫണ്ടിലേയ്ക്ക് തിരികെ നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-7 ബിറ്റുമിൻ ബാരൽ വില ബില്ലിൽ കുറവ് ചെയ്തില്ല - കരാറുകാർക്ക് അധിക തുക നൽകി

2017-18 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ ഒഴിഞ്ഞ ഒരു ബാരലിന്റെ വിലയായി നികുതിയടക്കം 281/-രൂപ വീതം ബില്ലിൽ കുറവു ചെയ്യേണ്ടിയിരുന്നു. എന്നാൽ തൻവർഷം കരാറുകാർ മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നും ഇത്തരത്തിൽ ബാരൽ വില കുറവ് വരുത്തിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കാരാറുകാരൻ | നൽകിയ ബാരലിന്റെ എണ്ണം | കുറവ് ചെയ്യേണ്ട തുക | ബിൽ വിവരം |
|---|---|---|---|---|---|
| 1 | ഇലഞ്ഞിത്തറ റോഡ് മെറ്റലിംഗും ടാറിംഗും | അരുൺകുമാർ | 9 | 2529 | 134/31.3.18-295266/- |
| 2 | വടക്കേച്ചിറ കള്ളിച്ചിറ റോഡ് മെറ്റലിംഗും ടാറിംഗും | അരുൺകുമാർ | 4 | 1124 | 135/31.3.18-215249/- |
| 3 | മനോരമ കളത്തറ റോഡ് മെറ്റലിംഗും ടാറിംഗും | എബ്രഹാം.പി.വി | 5 | 1405 | 100/21.3.18-228280/- |
| 4 | ശ്മശാനം ചക്യാമുറി റോഡ് മെറ്റലിംഗും ടാറിംഗും | ടി.ജെ.ജോബ് | 9 | 2529 | 95/21.3.18-419669/- |
| 5 | വെളുത്തുള്ളി പടിഞ്ഞാറെ ബണ്ട് റോഡ് മെറ്റലിംഗും ടാറിംഗും | വരദ കുമാർ.കെ.ഡി | 15 | 4215 | 80/30.1.18-648360/- |
| 6 | കെൽടെസ് മാടവന റോഡ് | എബ്രഹാം.പി.വി | 2 | 562 | 137/31.3.18-99972/- |
| 7 | തയ്യിൽ റോഡ് റിടാറിംഗ് | അഗസ്റ്റിൻ ഡിക്സൺ | 6 | 1686 | 116/29.3.18-300583/- |
| 8 | മുളയ്ക്കൽ പറമ്പ് റോഡ് ടാറിംഗ് | അഗസ്റ്റിൻ ഡിക്സൺ | 15 | 4215 | 119/29.3.18-508453/- |

| | | | | | |
|---|---|---|---|---|---|
| 9 | കൊച്ചപുരയ്ക്കൽ ഓച്ചേരിൽ നികർത്ത് റോഡ് മെറ്റലിംഗും ടാറിംഗും | അഗസ്റ്റിൻ ഡിക്സൺ | 6 | 1686 | 115/29.3.18-355584/- |
| 10 | കൈതവാരത്തറ മുളയ്ക്കൽ പറമ്പ് റോഡ് | ഫെബിൻ.വി.ജി | 3 | 843 | 122/29.3.18-192454/- |
| 11 | വിജയാംബിക റോഡ് റീടാറിംഗ് | സതീശൻ (കൺവീനർ) | 14 | 3934 | 132/31.3.18-370689/- |
| | | | | 24728 | |

ബില്ലിൽ നിന്നും നിയമാനുസൃതമുള്ള ബിറ്റുമിൻ ബാരൽ വില കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളിൽ നിന്നും, തൻവർഷം നടപ്പാക്കിയിട്ടുള്ള മറ്റ് പ്രവൃത്തികളിൽ നിന്നും ഉപയോഗിച്ച ബിറ്റുമിനനുസൃതമായ ബാരൽ വില കണക്കാക്കി ബന്ധപ്പെട്ട കരാറുകാരൻ/കൺവീനറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-8 ആംബുലൻസ് ഡ്രൈവർക്ക് ക്രമവിരുദ്ധമായി വേതനം നൽകി.

ഗ്രാമപഞ്ചായത്തിന്റെ കെ.എൽ -04 റ്റി -6649 നം. ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതു പ്രകാരം 2017 ഫെബ്രുവരി 28 മുതൽ 2017 ജൂൺ 13 വരെ അറ്റകുറ്റപ്പണികൾക്കായി വാഹനം വർക്ക് ഷോപ്പിലായിരുന്നു. എന്നാൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഡ്രൈവർക്ക് ഈ കാലയളവിലും മുഴുവൻ വേതനം നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വൗച്ചർ നം./തീയതി | മാസം | തുക |
|---|---|---|
| 21700022/3.4.17 | മാർച്ച് - 2017 | 17550/- |
| 21700121/2.5.17 | ഏപ്രിൽ - 2017 | 17550/- |
| 21700223/1.6.17 | മെയ് - 2017 | 18450/- |
| 21700301/30.6.17 | ജൂൺ 2017 | 8220/- (12*685) |
| ആകെ | | 61770/- |

പഞ്ചായത്തിലെ ഓഫീസ് വാഹനത്തിനും മറ്റൊരു ആംബുലൻസിനും വേണ്ടി നിയമിച്ചിട്ടുള്ള മറ്റ് രണ്ട് ഡ്രൈവർമാർക്കും ഈ കാലയളവിൽ പൂർണ്ണ വേതനം നല്കിയിട്ടുണ്ട്. ആയതിനാൽ മേൽ ആംബുലൻസ് വർക്ക് ഷോപ്പിലായിരുന്ന കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഡ്രൈവർക്ക് വേതനം നൽകിയത് ക്രമപ്രകാരമല്ല. ഇതിനായി ചെലവഴിച്ച 61,770/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ക്രമ വിരുദ്ധമായി തനത് ഫണ്ട് ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിലെ 2018 ജനവരി മാസത്തെ 995 നമ്പർ വൗച്ചർ (തിയതി 04/01/2018) പ്രകാരം വസ്തുനികുതി ഡിമാന്റ് നോട്ടീസുകൾ വിതരണം നടത്തിയതിനായി നോട്ടീസ് ഒന്നിന് 5 രൂപ നിരക്കിൽ 38540/- രൂപ കുടുംബശ്രീ പ്രവർത്തകർക്ക് പ്രതിഫലം നൽകിയിട്ടുണ്ട് . വൗച്ചറിനൊപ്പം ഹാജരാക്കിയിട്ടുള്ള സർക്കുലർ നം. 55247/ഐ.എ1/ 14/തസ്വഭവ, തീയതി. 06.02.2015 പ്രകാരം വാർഡുകളിൽ സ്ഥാപിക്കുന്ന ഗ്രാമകേന്ദ്രങ്ങളിലെ വിവിധ സേവനങ്ങൾക്കായി നിശ്ചിത യോഗ്യതകളുടെ അടിസ്ഥാനത്തിൻ ഫെസിലിറ്റേറ്ററായി നിയമിക്കപ്പെടുന്നവർക്ക് ഓണറേറിയത്തിന് പുറമേ ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നതിന് ഒരു നോട്ടീസിന് 5/- രൂപ നിരക്കിൽ നൽകാവുന്നതാണ്. എന്നാൽ ഇവിടെ കുടുംബശ്രീ പ്രവർത്തകർക്കാണ് തുക നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ ഗ്രാമകേന്ദ്രങ്ങളിലെ ഫെസിലിറ്റേറ്റർമാരായി നിയമിക്കാത്തവർക്ക് ക്രമപ്രകാരമല്ലാതെ അനുവദിച്ച 38540/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സി.ഡി.എസ്. വാർഷികത്തോടനുബന്ധിച്ച് ആർച്ച് സ്ഥാപിച്ചതിന് വൗച്ചർ നം. 416 പ്രകാരം 3000/- രൂപ തനത്

ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഈ തുക കുടുംബശ്രീ അക്കൗണ്ടിൽ നിന്നും തിരിക ഈടാക്കയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 3-10 പകൽവീടിനു ഫർണീച്ചർ അധിക വില നൽകി.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ പകൽവീടിനു ഫർണീച്ചർ (S180/18) എന്ന പ്രോജക്ടിനായി ബിൽ നം. 34/27-2-2018പ്രകാരം 99998/- രൂപ പിൻവലിച്ച് ഒരു റീഡിംഗ് ടേബിൾ, 4ചാരുബഞ്ച്, 10ആം ചെയർ, 50ആം ലെസ് ചെയർ, ഒരു സ്റ്റീൽ ടേബിൾ, ഒരു എക്സിക്യൂട്ടീവ് ചെയർ എന്നീ ഫർണീച്ചറുകൾക്കായി SIDCO യ്ക്ക് നൽകി.

എന്നാൽ താഴെ പറയുന്ന ഇനങ്ങൾക്ക് തൻവർഷം സെക്രട്ടറി നിർവഹണം നടത്തിയ പഞ്ചായത്ത് ഓഫീസിലേക്ക് ഫർണീച്ചർ വാങ്ങൽ എന്ന പ്രോജക്ടിനായി (S188/18) കൈരളി ഫർണീഷേഴ്സ് കുറഞ്ഞ വിലയാണ് ഈടാക്കിയത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | SIDCO ഈടാക്കിയ വില | കൈരളി ഫർണീഷേഴ്സ് ഈടാക്കിയ വില | അധികം നൽകിയത് |
|---|---|---|---|
| പ്ലാസ്റ്റിക് ആം ലെസ് ചെയർ | 433+28% GST=554 | 336 +28% GST=430 | 124 |
| സ്റ്റീൽ ടേബിൾ 120*60*75cm | 5811++28% GST=7438 | 4500 +28% GST=5760 | 1678 |
| എക്സിക്യൂട്ടീവ് ചെയർ | 5976 +28% GST=7649 | 5677 +28% GST=7267 | 382 |

മുകളിൽ സൂചിപ്പിച്ചതിൽ നിന്നും 50 പ്ലാസ്റ്റിക് ആം ലെസ് ചെയറിന് 6200/- രൂപയും (50*124), സ്റ്റീൽ ടേബിളിന് 1678/- രൂപയും, എക്സിക്യൂട്ടീവ് ചെയറിന് 382/- രൂപയും ഉൾപ്പെടെ ആകെ 8260/- രൂപ SIDCO യിൽ നിന്നും ശരിയായ പരിശോധന നടത്താതെ വാങ്ങിയതിനാൽ അധികം നൽകേണ്ടിവന്നതായി കാണുന്നു.

2016/17 വർഷം S048/17 നമ്പർ ആയി അംഗീകാരം ലഭിച്ച ഈ പ്രോജക്ടിനായി പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ലെങ്കിൽ കൂടി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിച്ചില്ല എന്ന കാണിച്ച് സ്പിൽ ഓവർ പ്രോജക്ട് ആക്കുകയാണുണ്ടായത്. മാത്രമല്ല 1-6-2017ൽ ഭരണസമിതി സ്പിൽ ഓവർ പ്രോജക്ടിന് അംഗീകാരം നൽകിയപ്പോഴും 13-7-2017ൽ പ്രോജക്ടിന് അംഗീകാരം ലഭിച്ചപ്പോഴും എന്തെല്ലാം ഫർണീച്ചറുകളാണ് വാങ്ങേണ്ടതെന്ന് നിശ്ചയിച്ചിരുന്നില്ല എന്നത് പ്രോജക്ട് നടത്തിപ്പിലെ പിഴവാണ്. തുടർന്ന് 30-8-2017 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റി എക്സിക്യൂട്ടീവ് ചെയർ ഒഴികെ മറ്റ് ഫർണീച്ചറുകൾ വാങ്ങുവാൻ തീരുമാനമെടുത്തു. തുടർന്ന് 4-10-2017ൽ ചേർന്ന സ്റ്റിയറിംഗ് കമ്മറ്റി എക്സിക്യൂട്ടീവ് ചെയർ ഉൾപ്പെടെ വാങ്ങാൻ തീരുമാനിച്ചെങ്കിലും ആയതിന് പഞ്ചായത്ത് കമ്മറ്റി അംഗീകാരം നൽകിയതായി കാണുന്നില്ല. പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം ഇല്ലാതെ പകൽ വീടിന് ആവശ്യമില്ലാത്ത എക്സിക്യൂട്ടീവ് ചെയർ വാങ്ങിയത് ക്രമപ്രകാരമല്ല. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നേരിട്ടുവാങ്ങുവാൻ തീരുമാനിച്ചിരുന്നതുകൊണ്ടാണ് SIDCO യിൽ നിന്നും വാങ്ങുവാൻ തയ്യാറായത് എന്നുള്ളത് അംഗീകരിക്കുന്നില്ല. കാരണം SIDCO യുടെ വില മറ്റ് സ്ഥാപനങ്ങളുടെ വിലയേക്കാൾ കൂടിയതല്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല. മാത്രമല്ല സെക്രട്ടറി 2017-18 വർഷം നടപ്പാക്കിയ സമാനസ്വഭാവമുള്ള പ്രോജക്ടുകൾക്ക് ഒരുമിച്ച് ആവശ്യകത നിർണ്ണയിച്ച് ഒരു ടെണ്ടർ വിളിച്ചിരുന്നുവെങ്കിൽ അധിക വില നൽകൽ ഒഴിവാക്കാമായിരുന്നു എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 3-11 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ

അരൂർ ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. പി.എച്ച്.സി മരുന്ന വാങ്ങൽ, ജീവിതശൈലി രോഗനിയന്ത്രണം, പാലിയേറ്റീവ് പരിചരണം എന്നീ പദ്ധതികളിലായി മരുന്നുവാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 6,00,000/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഇതുപ്രകാരം ആശുപത്രിക്ക് മരുന്ന് ലഭിച്ചതു സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | | ബിൽ നം. | പ്രഫോർമ നം | തിയതി | തുക |
|---|---|---|---|---|---|
| 1 | PHC മരുന്ന് | 3/17-18, Dt : 28.10.17 | PRF 1504 | 21.10.17 | 2,00,000/- |
| 2 | ജീവിതശൈലി രോഗനിയന്ത്രണം | 4/17-18, Dt : 28.10.17 | PRF 1490 | 21.10.17 | 1,00,000/- |
| 3 | പാലിയേറ്റീവ് പരിചരണം | 5/17-18, Dt : 28.10.17 | PRF 1540 | 22.10.17 | 3,00,000/- |
| | ആകെ | | | | 6,00,000 |

അഡ്വാൻസ് നൽകിയ തുകക്കുള്ള മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നവിധം തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2. പാലിയേറ്റീവ് പരിചരണം

പാലിയേറ്റീവ് പരിചരണം സംബന്ധിച്ച പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് പരിചരണം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ അസൂത്രണം, ഏകോപനം ,മോണിറ്ററിംഗ് എന്നിവ നടത്തുന്നതിന് ചുമതലപ്പെട്ട പാലിയേറ്റീവ് മാനേജ്മെന്റ കമ്മിറ്റി 2017-18 സാമ്പത്തിക വർഷം ഒരിക്കൽ പോലും യോഗം ചേർന്നിട്ടില്ല.പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ വരവ് ചെലവുകൾ അംഗീകരിക്കുന്നതും പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതും തുടങ്ങി പദ്ധതിയുടെ ഓരോ ഘട്ടവും വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ട കമ്മിറ്റി യോഗം ചേരാത്തത് പുതിയ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും മരുന്നുകളുടെ ലഭ്യതക്കുറവ് പോലുള്ള പ്രധാന വിഷയങ്ങളിലുള്ള കൃത്യമായ ഇടപടലിനും തടസ്സമാണ്.
2. പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലും പാലിയേറ്റീവ് ഹോംകെയറിന് ഉപയോഗിക്കുന്ന വാഹനം ക്വട്ടേഷൻ പ്രകാരമാണ് വാടകയ്ക്കെടുക്കേണ്ടത്. 2017-18 സാമ്പത്തിക വർഷം വാഹനം വാടകക്കെടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3. വാഹന വാടക, ഭക്ഷണച്ചെലവ് എന്നിവ അനുവദിക്കുന്ന വൌച്ചറുകൾക്കൊപ്പം ബന്ധപ്പെട്ട വ്യക്തികളുടെ/ സ്ഥാപനങ്ങളുടെ ബാങ്ക് അക്കൌണ്ട് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
4. ഈ പദ്ധതി പ്രകാരം വാങ്ങിയ സ്റ്റേഷനറി സാധനങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും വിശദീകരണമോ രേഖകളോ ഹാജരാക്കിയില്ല. അഡ്വാൻസ് നൽകിയിട്ടും ലഭിക്കാത്ത മരുന്നുകളുടെ വിലയായി നൽകിയ 6,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകളുടെ ലഭ്യത സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 3-12 പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് - അംഗീകൃത പദ്ധതി പ്രകാരമല്ലാതെ തുക ചെലവഴിച്ചു.

പ്രോജക്ട് നം. - 406/18

ബിൽ നം. - 35/17-18, Rs.2,84,720/,- c/o 26.03.2018

2017-18 സാമ്പത്തിക വർഷം അരൂർ ഗ്രാമപഞ്ചായത്തിലെ 5 പേർ വീതം അംഗങ്ങളായ 6 കുടുംബശ്രീ/ S.H.G ഗ്രൂപ്പുകൾക്ക് ബാങ്ക് വായ്പയുടെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ വീതം ബാക്ക് എൻഡ് സബ്സിഡിയായി നല്കി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് എന്ന പദ്ധതിപ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയത്. 3,00,000 രൂപ വീതം വികസനഫണ്ടും ഗുണഭോക്തൃവിഹിതവും ചേർത്ത് ആകെ 6,00,000/- രൂപ അടങ്കലിലാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഫയൽ പ്രകാരം അംഗീകാരം ലഭിച്ച പദ്ധതിയിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ വിശദാംശങ്ങളോ പദ്ധതിക്കായി ഗ്രൂപ്പുകൾ തയ്യാറാക്കിയ പദ്ധതി രേഖയോ , ഗ്രൂപ്പുകൾ ബാങ്ക് വായ്പക്ക് അപേക്ഷിച്ചതിന്റെയും വായ്പ അനുവദിച്ചതിന്റെയും രേഖകളോ, യൂണിറ്റുകൾ ആരംഭിക്കുന്നതിനായി സ്ഥലം,കെട്ടിടം എന്നിവ കണ്ടെത്തിയതിന്റെ വിവരങ്ങളോ, പേപ്പർ ക്യാരി ബാഗുകളുടെ നിർമ്മാണത്തിനായി പരിശീലനം ലഭിച്ചതിന്റെ വിശദാംശങ്ങളോ,

ഉത്പാദിപ്പിക്കുന്ന ക്യാരി ബാഗുകളുടെ വിപണനം സംബന്ധിച്ച വിവരങ്ങളോ എന്നിവയൊന്നും പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹാജരാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച പദ്ധതി പ്രകാരമല്ലാതെ ടെണ്ടർ ക്ഷണിച്ച് പ്രകൃതി,ആലുവ എന്ന സ്ഥാപനത്തിൽ നിന്നും മൾട്ടി ക്രീസിംഗ് യൂണിറ്റ് -1, സിംഗിൾ ക്രീസിംഗ് യൂണിറ്റ് -1, ഐലറ്റ് പഞ്ചിംഗ് യൂണിറ്റ് -2, ഐലറ്റ് steel die -2 എന്നീ ഉപകരണങ്ങൾ 284720 രൂപക്ക് വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. ഈ ഉപകരണങ്ങൾ ആർക്കാണ് നൽകിയതെന്നോ എവിടെയാണ് സ്ഥാപിച്ചതെന്നോ പോലുള്ള യാതൊരു വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ പ്രകാരം സ്ഥാപനത്തിന്റെ പരിശീലനത്തിനായി തുക നൽകിയിട്ടുമില്ല.

*പദ്ധതി നടത്തിപ്പിൽ വന്ന പ്രധാന അപാകങ്ങൾ താഴെപ്പറയുന്നവയാണ്.*

1. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടിന് വിരുദ്ധമായാണ് പദ്ധതി നടപ്പാക്കിയത്. ബാങ്ക് വായ്പയുടെ അടിസ്ഥാനത്തിൽ സ്വയം തൊഴിലിന് സബ്സിഡി നൽകുക എന്നതിൽ നിന്നും സബ്സിഡി തുകക്ക് ഉപകരണം വാങ്ങുക എന്നത് മാത്രമാക്കി പ്രോജക്ട് ചുരുക്കി. ഉപകരണങ്ങൾ ആർക്ക് നൽകണമെന്നോ തുടർപ്രവർത്തനങ്ങൾ എങ്ങനെ നടത്തുമെന്നതിലോ യാതൊരു വ്യക്തതയുമില്ല.
2. ഗ്രൂപ്പടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾക്ക് പരമാവധി 50% സബ്സിഡിയാണ് നൽകാവുന്നത്. ഇവിടെ പദ്ധതിച്ചെലവിന്റെ 100% വികസനഫണ്ട് മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.
3. പദ്ധതിയിലെ ആനുകൂല്യവിതരണത്തിനായി ഏതെങ്കിലും ഗ്രൂപ്പുകളെ തിരഞ്ഞെടുത്തതിന്റെ യാതൊരു രേഖകളുമില്ല. വ്യക്തമായ ഗുണഭോക്താക്കളില്ലാതെ ഉപകരണങ്ങൾ വാങ്ങിക്കൂട്ടുക എന്നത് മാത്രമായി പദ്ധതി പ്രവർത്തനം ഒതുങ്ങി.
4. സ്വയം തൊഴിൽ സംരംഭങ്ങളിൽ ബാങ്ക് വായ്പാധിഷ്ഠിതമായി ബാക്ക് എൻഡ് സബ്സിഡിയായി മാത്രമാണ് സബ്സിഡി തുക നൽകേണ്ടത്. എന്നാൽ ഗുണഭോക്താക്കളോ അംഗീകൃത പ്രോജക്ട് റിപ്പോർട്ടോ ബാങ്ക് വായ്പയോ ഇല്ലാതെ പ്ലാൻ ഫണ്ട് ചെലവഴിക്കൽ മാത്രമായി.
5. യാതൊരു മുന്നൊരുക്കങ്ങളോ പഠനങ്ങളോ ഫീസിബിലിറ്റി പരിശോധനയോ ഇല്ലാതെയാണ് പദ്ധതി തയ്യാറാക്കിയത്. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം, വൈദ്യുതി പോലുള്ള അടിസ്ഥാന സൗകര്യങ്ങളോ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ യൂണിറ്റ് കോസ്റ്റ്, മാർക്കറ്റിംഗ്, ബ്രാൻഡിംഗ് പോലുള്ള ഘടകങ്ങളോ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി പരിശോധനക്ക് വിധേയമാക്കിയതിന്റെ രേഖകളൊന്നുമില്ല.
6. പദ്ധതി പ്രകാരം വാങ്ങിക്കൂട്ടിയ 2,84,720/- രൂപയുടെ ഉപകരണങ്ങൾ നിലവിൽ പഞ്ചായത്ത് ഓഫീസിന്റെ രണ്ടാം നിലയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ ഉപകരണങ്ങൾ തുടർന്ന് പ്രവർത്തിപ്പിക്കണമെങ്കിൽ പഞ്ചായത്ത് ഇനി അതിനായി പദ്ധതി ആവിഷ്കരിക്കേണ്ട സാഹചര്യമാണുള്ളത്.

അംഗീകൃത പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് പദ്ധതി പ്രവർത്തനം നടത്തിയതുകൊണ്ട് മാത്രം വാങ്ങിക്കൂട്ടിയ ഉപകരണങ്ങൾ നിഷ്ക്രിയമായി കിടക്കുന്ന സ്ഥിതിയുണ്ടായതായും ഇവ ഉപയോഗപ്രദമാവണമെങ്കിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഇനിയും പണം ചെലവഴിക്കേണ്ട സാഹചര്യമുണ്ടായതായും വിലയിരുത്താവുന്നതാണ്. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവഴിച്ച 2,84,720 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- പ്രത്യേകം തുക നൽകിയിട്ടും അധിക വാറന്റി ലഭ്യമാക്കിയില്ല.

അരൂർ ഗ്രാമപഞ്ചായത്തിൽ അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ കംപ്യൂട്ടർ വാങ്ങൽ പദ്ധതികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രോജക്ട് നം-18/2018)

ബിൽ നം -17/17-18, Rs.299750/-, c/o 12.01.2018

ബിൽ നം -24/17-18, Rs.24550/-, c/o 12.01.2018

2. എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രോജക്ട് നം- 456/2018)

ബിൽ നം – 27/17-18, Rs.81600/-, c/o - 12.03.2018

ഈ പദ്ധതികൾ പ്രകാരം 2017-18 സാമ്പത്തിക വർഷം ഇരുപത് എസ്.സി വിഭാഗം വിദ്യാർത്ഥികൾക്കും, മൂന്ന് എസ്.റ്റി വിഭാഗം വിദ്യാർത്ഥികൾക്കുമായി ആകെ 23 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഐ.ടി മിഷൻ സ്പെസിഫിക്കേഷൻ പ്രകാരമുള്ള 5 വർഷം മാനുഫാക്ചർ (o.e.m) വാറന്റിയുൾപ്പടെയുള്ള ലാപ്ടോപ്പുകൾ വാങ്ങുന്നതിനായാണ് ടെണ്ടർ ക്ഷണിച്ചത്. രണ്ട് പദ്ധതികളുടേയും ടെണ്ടറിൽ കുറഞ്ഞ നിരക്കുകൾ ക്വാട്ട് ചെയ്തത് മെ.

ആൽഫാനെറ്റ് സിസ്റ്റംസ്, ചേർത്തല എന്ന സ്ഥാപനമാണ്. രണ്ട് പദ്ധതികളിലും വാങ്ങിയത് ACER- ES1-533 എന്ന മോഡൽ ലാപ്ടോപ്പുകളാണ്. എസ്. സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതിക്കായി ഒന്നിന് 23,450/- രൂപ നിരക്കും എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ഒന്നിന് 23,200/- രൂപ നിരക്കമാണ് നൽകിയത്. എന്നാൽ മാനുഫാക്ചർ വാറന്റിക്ക് (ഒരുവർഷം) പുറമേയുള്ള അധിക വാറന്റിക്കായി എസ്.സി. വിഭാഗ പദ്ധതിയിൽ ഒരുവർഷത്തേക്ക് 1900/- രൂപ നിരക്കിൽ രണ്ട് വർഷത്തേക്ക് 3,800/-രൂപയും സപ്ലൈയർക്ക് ലാപ്ടോപ്പിന്റെ വിലയ്ക്ക് പുറമേ നൽകിയിട്ടുണ്ട്. എന്നാൽ എസ്.റ്റി വിഭാഗം പദ്ധതിയിൽ അധിക വാറന്റിക്കായി രണ്ട് വർഷത്തേക്ക് 2000/- രൂപ നിരക്കിലാണ് നാലുവർഷത്തേക്കായി 4000/- രൂപ നൽകിയിട്ടുള്ളത്. ആൽഫനെറ്റ് സിസ്റ്റംസ് നൽകിയ ബില്ലുകൾ പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതിക്കായി നോർമൽ വാറന്റിയുൾപ്പടെ 3 വർഷവാറന്റിയും (1yr+2yr extendedwarranty) എസ്.റ്റി വിഭാഗം പദ്ധതിയിൽ നോർമൽ വാറന്റിയുൾപ്പടെ 5 വർഷ വാറന്റിക്കാണ് പണം നൽകിയെങ്കിലും ആകെ നാലുവർഷ വാറന്റിയും മാത്രമാണ് ലഭ്യമാകുന്നത്.

പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങി നൽകിയ ലാപ്ടോപ്പുകളുടെ വാറന്റി സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ എസ്.സി വിഭാഗം പദ്ധതികളിൽ നോർമൽ പ്രോഡക്ട് വാറന്റി ഉൾപ്പടെ പരമാവധി 2 വർഷവാറന്റി മാത്രമാണുള്ളത് (ഏതാനം ലാപ്ടോപ്പുകൾക്ക് നോർമൽ പ്രോഡക്ട് വാറന്റിയായ ഒരു വർഷം മാത്രമാണുള്ളത്). എസ്.റ്റി വിഭാഗം പദ്ധതിയിൽ ഹാജരാക്കിയ ലാപ്ടോപ്പിന് ബില്ലിലെ നാലുവർഷ വാറന്റിക്ക് പകരം ഒരു വർഷ നോർമൽ പ്രോഡക്ട് വാറന്റി മാത്രമാണുള്ളത്. ഈ വിഭാഗത്തിൽ വാങ്ങിയ ലാപ്ടോപ്പുകൾക്ക് ഒരുവർഷ നോർമൽ വാറന്റിക്ക് പുറമേ പ്രത്യകം തുക നൽകിയ 4 വർഷ എക്സ്റ്റൻഡഡ് വാറന്റിയും കൂട്ടി ആകെ 5 വർഷ വാറന്റി നൽകേണ്ടതാണ്. എസ്.സി വിഭാഗം ലാപ്ടോപ്പ് പദ്ധതിയിൽ 76,000 രൂപയും (20x(1900 x2) എസ്.റ്റി വിഭാഗം ലാപ്ടോപ്പ് പദ്ധതിയിൽ 12000 രൂപയും (3x(2000 x2) ഉൾപ്പടെ ആകെ 88,000 രൂപയാണ് എക്സ്റ്റൻഡഡ് വാറന്റിക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ചത്. ലാപ്ടോപ്പ് വിലക്ക് പുറമേ എക്സ്റ്റൻഡഡ് വാറന്റിക്കായി പ്രത്യേകം തുക അനുവദിച്ചിട്ടും സപ്ലൈയർ വാഗ്ദാനം ചെയ്ത അധിക വാറന്റി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 88,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സപ്ലൈയറുമായി ബന്ധപ്പെട്ട് നൽകിയ തുകക്കുള്ള അധിക മാനുഫാക്ച്ചർ വാറന്റി ലഭ്യമാക്കുവാനോ തുക തിരികെ ഈടാക്കുവാനോ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ കാണുന്ന അപാകതകൾ

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ അപാകതകൾ കാണുന്നു.

1. ഗ്രാമ കേന്ദ്രങ്ങളിലേക്ക് ഫർണീച്ചർ.

20-ാം വാർഡിലെ ഗ്രാമ കേന്ദ്രത്തിലേക്ക് ഫർണീച്ചർ എന്ന പ്രോജക്ടിനായി (S 429/18) ബിൽ നം. 38/ 16-3-18 പ്രകാരം 49878/- രൂപ പിൻവലിച്ച് സ്റ്റീൽ ടേബിൾ 1, സ്റ്റീൽ അലമാര1, ആംലെസ് ചെയർ 50, LEDട്യൂബ് സെറ്റ് 3, വാൾ ഫാൻ 4, എന്നിവയും 21-ാം വാർഡിലെ ഗ്രാമ കേന്ദ്രത്തിലേക്ക് ഫർണീച്ചർ എന്ന പ്രോജക്ടിനായി (S 459/18) 49914/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് സ്റ്റീൽ ടേബിൾ 1, സ്റ്റീൽ അലമാര 1, ആംലെസ് ചെയർ 50, എക്സിക്യൂട്ടീവ് ചെയർ 4 എന്നിവയും വാങ്ങിയിട്ടുണ്ട്. ഇവ ഗ്രാമ കേന്ദ്രത്തിലെ പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇവ പഞ്ചായത്തിനു ലഭിച്ചിട്ടുണ്ടെന്നും സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെന്നും ഉള്ള രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 49914/- രൂപ തടസ്സപ്പെടുത്തുന്നു.

2. വായനശാലകൾക്ക് ദിനപത്രം (S005/18)

പ്രോജക്ടിന്റെ നടത്തിപ്പിനായി വൌച്ചർ നം. 365/18-7-17പ്രകാരം 33180/- രൂപയും വൌച്ചർ നം. 884/4-12-17പ്രകാരം 44240/- രൂപയും ഉൾപ്പെടെ ആകെ 77420/- രൂപ ശ്രീ. P. A. ജോർജ്, മീഡിയാ സെന്ററിനു നൽകി. എന്നാൽ ഏതെല്ലാം വായനശാലകൾക്കാണ് ഇവ നൽകിയതെന്നോ അവിടെയെല്ലാം പത്രം ലഭിച്ചിട്ടുണ്ടെന്നോ ഈ വായനശാലകളെ എങ്ങനെയാണ് തെരഞ്ഞെടുത്തതെന്നോ ഉള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ 77420/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. പൗരാവകാശ രേഖ പ്രസിദ്ധീകരണം.(S011/18)

പൗരാവകാശ രേഖ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് 100 ബുക്കുകൾ പ്രിന്റ് ചെയ്തതിന് 22113/- രൂപ യന്ത്ര പ്രിന്റേഴ്സിനു നൽകി. (വൗച്ചർ നം.465/10-8-17) ഇതുമായി ബന്ധപ്പെട്ട ടെന്റർ/ ക്വട്ടേഷൻ രേഖകളും, സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും ഹാജരാക്കാത്തതിനാൽ 22113/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടില്ല.

## 3-15 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ടുകൾ പ്രകാരം ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ വിവിധ വർക്കുകൾക്കായി പണം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് തുക എത്രത്തോളം വിനിയോഗിച്ചിട്ടുണ്ടെന്ന് സംബന്ധിച്ച് യാതൊരു രേഖയും പഞ്ചായത്തിനു ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

*I. ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുക സംബന്ധിച്ച്*

a. റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റൽ ( പ്രോജക്ട് നം. S012/18)

തനത് ഫണ്ട്

വൗച്ചർ നം. 366/19-7-17 തുക 27957/- രു.

വൗച്ചർ നം. 902/7-12-17 തുക 24176/- രു.

വൗച്ചർ നം. 903/ 7-12-17 തുക 3783/- രു.

വൗച്ചർ നം. 946/ 19-12-17 തുക 3784/- രു.

വൗച്ചർ നം. 947/ 19-12-17 തുക 609/- രു.

ആകെ 60309 രൂപ.

b. സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം. S 186/18) -

1. 2, 20 വാർഡുകൾ

വൗച്ചർ നം. 475/18-8-17 413480

3, 21 വാർഡുകൾ

വൗച്ചർ നം. 850/24-11-17 തുക 242480/- രൂപ.

വൗച്ചർ നം. 851/ 24-11-17 തുക 242480/- രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം )

ആകെ 898440രൂപ.

c. 19-ാംവാർഡിലെ അംഗൻവാടി കെട്ടിടത്തിനു മുകളിലെ 110 KVലൈൻ മാറ്റൽ പ്രോജക്ട് നം. 187/18

വൗച്ചർ നം. 348/ 6-7-17 തനത് ഫണ്ട് 153767/- രൂപ.

d. റോഡ് നിർമ്മാണത്തിനു തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റൽ (സ്പിൽ ഓവർ)-വാർഡ് 19 – പനന്തറഭാഗം പ്രോജക്ട് നം. S190/18

വൗച്ചർ നം. 391/ 31-7-2017 തനത് ഫണ്ട് 54897/- രൂപ.

*II. വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക*

അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ S014/18

വൗച്ചർ നം.1019/ 8-1-18 തനത് ഫണ്ട് 187000/- രൂപ.

മുകളിൽ കാണിച്ചിട്ടുള്ള പ്രോജക്ടുകളിലായി ഇലക്ട്രിസിറ്റി ബോർഡിൽ 1167413/- രൂപയും, വാട്ടർ അതോറിറ്റിയിൽ 187000/- രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ വർക്കുകൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ഈ സ്ഥാപനങ്ങൾ പഞ്ചായത്തിനു സമർപ്പിച്ചിട്ടില്ല. ആയതിനാൽ 1354413/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. മാത്രമല്ല ഈ സ്ഥാപനങ്ങളുമായി പഞ്ചായത്ത് കരാർ വച്ചിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി തന്നിട്ടില്ല.

## 3-16 ക്ലീൻ ഗ്രീൻ അരൂർ -മാലിന്യ സംസ്കരണ പരിപാടി ഉപേക്ഷിച്ചു

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റാണ് ക്ലീൻ ഗ്രീൻ അരൂർ. (പ്രോജക്ട് നം.....) ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ നിന്നും പ്ലാസ്റ്റിക്കും മറ്റ് അജൈവ മാലിന്യങ്ങളും ശേഖരിച്ച് സംഭരിക്കുക, ഇവ ഗ്രീൻ കേരള കമ്പനിക്കോ സ്ക്രാപ്പ് മർച്ചന്റിനോ വിൽക്കുക എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. ഇതിനായി യൂസർ ഫീ ആയി പ്രതിമാസം 30രൂപയും, കച്ചവട സ്ഥാപനങ്ങളിൽ നിന്നും 100രൂപയും, കമ്പനികളിൽ നിന്നും 250 രൂപയും

പിരിച്ചെടുക്കുകയും ഈ തുകയും മാലിന്യങ്ങൾ വിറ്റുകിട്ടുന്ന തുകയും ഇതിന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയുമാണ് ഉദ്ദേശിച്ചിരുന്നത്.

15-7-2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2420/17 പ്രകാരമുള്ള ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ കാംപയിൻ നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് പ്രോജക്ട് ഏറ്റെടുത്തതെങ്കിലും ആയതിന്റെ ഗൗരവം ഉൾക്കൊള്ളാതെ നടപ്പാക്കിയതിനാൽ പൊതുജനങ്ങളുടെ എതിർപ്പിനിടയാക്കുകയും പദ്ധതി ഉപേക്ഷിക്കേണ്ടി വന്നതായും കാണുന്നു.

*<u>പ്രവർത്തനത്തിൽ കാണപ്പെട്ട ചില അപാകതകൾ താഴെ കൊടുക്കുന്നു.</u>*

1. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിത കർമ്മസേന. ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 2-11-17ൽ ചേർന്ന യോഗത്തിന്റെ 6(2) നിശ്ചയ പ്രകാരം 42പേർ അടങ്ങുന്ന ഹരിത കർമ്മസേന രൂപീകരിക്കുകയും 17-11-17ൽ അതിന്റെ ആദ്യ യോഗം ചേരുകയുമുണ്ടായി. ആദ്യ യോഗത്തിൽ പല തീരുമാനങ്ങൾ എടുത്തെങ്കിലും തുടർന്ന് നടന്ന യോഗങ്ങളിൽചർച്ചകൾ നടത്തിയതായോ തീരുമാനങ്ങൾ എടുത്തതായോ കാണുന്നില്ല. മൂന്ന് യോഗങ്ങൾ ചേർന്നതായുള്ള ഹാജർ മാത്രമാണ് മിനിറ്റ്സ് ബുക്കിൽ പിന്നീട് കാണുന്നത്.
2. സർക്കാർ ഉത്തരവ് (സാധാ) നം. 2420/17 പ്രകാരം അജൈവ മാലിന്യങ്ങൾ വാങ്ങുന്നതിനു തയ്യാറുള്ള ഗ്രീൻ കേരള കമ്പനി വഴിയോ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളെ കണ്ടെത്തിയോ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. എന്നാൽ ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.
3. അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ പഞ്ചായത്തിന്റെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ എത്തിക്കുന്നതിനും തീരുമാനം എടുത്തിരുന്നു. (പഞ്ചായത്ത് കമ്മറ്റിയുടെ 2-11-17ൽ ചേർന്ന യോഗത്തിന്റെ 6(3) നിശ്ചയം) എന്നാൽ ഇതിനാവശ്യമായ പരിശീലനങ്ങൾ നൽകിയതായി കാണുന്നില്ല.
4. പഞ്ചായത്ത് കമ്മറ്റിയുടെ 2-11-17ൽ ചേർന്ന യോഗത്തിന്റെ 6(4) നിശ്ചയപ്രകാരം അജൈവ മാലിന്യങ്ങൾ പഞ്ചായത്തിന്റെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ എത്തിക്കുന്നതിന് KL-32J-1319 എന്ന വാഹനത്തിന് അനുമതി നൽകുകയും വാഹനം ഉപയോഗിക്കുന്ന ദിവസം 2000/- രൂപ പ്രതിഫലം നൽകുവാനും തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് ചെക്ക് നം. 25023/29-1-18 പ്രകാരം 26000/- രൂപ വാഹന വാടക നൽകിയിട്ടുണ്ട്. വാഹനം തെരഞ്ഞെടുത്തത്, വാടക നിശ്ചയിച്ചത്, വാഹനം ഓടിയ കിലോമീറ്റർ, എവിടെനിന്നെല്ലാം മാലിന്യങ്ങൾ എടുത്തു എന്നിവ സംബന്ധിച്ച് രേഖകളൊന്നും ഹാജരാക്കിയില്ല. മാത്രമല്ല വാഹന ഉടമയുമായി ഇതുസംബന്ധിച്ച് കരാർ വച്ചിട്ടില്ല.
5. ഹരിത കർമ്മസേനാംഗങ്ങൾ പിരിച്ചെടുത്ത തുക പ്രത്യേക രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ഓരോ ദിവസവും എത്ര തുക ലഭിച്ചെന്നും ആ തുക അതാതു ദിവസം തന്നെ ബാങ്കിൽ അടക്കുന്നുണ്ടെന്നും പരിശോധിക്കുവാൻ പറ്റുന്ന രീതിയിലല്ല രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകിയ രസീതുബുക്കുകൾ പദ്ധതി അവസാനിപ്പിച്ചതിനുശേഷവും പൂർണ്ണമായി തിരികെ പഞ്ചായത്തിൽ നൽകിയിട്ടില്ല. മാത്രമല്ല എത്ര രസീതുകൾ പ്രിന്റുചെയ്തെന്നുള്ള വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടില്ല . ഈ ഇനത്തിൽ പിരിച്ചെടുത്ത തുകകൾ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ 6428-ാം അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട് 22-2-2018ൽ ഈ അക്കൗണ്ടിൽ 147770/- രൂപ ഉണ്ട്. എന്നാൽ ഇത് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. സെക്രട്ടറിയുടെ 27-1-18ലെ ഉത്തരവ് C10/1983/17പ്രകാരം ഹരിതസേന പ്രവർത്തകർക്ക് 5000/-രൂപ വച്ച് നൽകുവാനും ഇതിനായി യൂസർഫീ ഇനത്തിൽ ലഭിച്ച 95310/- രൂപയും ബാക്കി വയബിലിറ്റി ഗ്യാപ് ഫണ്ടും നൽകുവാനും പറയുന്നു. എന്നാൽ യൂസർഫീ ഇനത്തിൽ ലഭിച്ച സംഖ്യകളൊന്നും തന്നെ നാളിതുവരെ ചെലവ് ചെയ്തിട്ടില്ല.
7. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ സൂക്ഷിക്കുന്നതിനായി ശ്രീമതി. ലിസ്സി സെബാസ്റ്റ്യന്റെ പേരിലുള്ള കെട്ടിടം (XII/607 A) വാടകയ്ക്ക് എടുത്തിരുന്നു. ഈ കെട്ടിടത്തിന് L.S.G.D. അസിസ്റ്റന്റ് എഞ്ചിനീയർ നിർണ്ണയിച്ചിരുന്ന വാടക പ്രതിമാസം 13278.40 രൂപയായിരുന്നെങ്കിലും 15000/- രൂപ വാടക അംഗീകരിക്കുകയും മുൻകൂറായി 195000/- രൂപ നൽകുകയുമുണ്ടായി (വൗച്ചർ നം. 1104/ 2-2-2018) പദ്ധതി അവസാനിപ്പിച്ചപ്പോൾ 4 മാസത്തെ വാടക കിഴിച്ച് ബാക്കി തുക തിരികെ തരണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടെങ്കിലും ഈ തുക തിരികെ ലഭിച്ചതായി രേഖകളില്ല. ആയതിനാൽ 4 മാസത്തെ വാടകയിൽ L.S.G.D. അസിസ്റ്റന്റ് എഞ്ചിനീയർ നിർണ്ണയിച്ചിരുന്ന വാടകയേക്കാൾ അധികം നൽകിയ 6884/- രൂപ (1721x4=6884) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ബാക്കി തിരികെ ലഭിക്കുവാനുള്ള135000/- (15000x9=135000) രൂപ തിരികെ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ

ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല.

മാലിന്യം ഭൂമിക്ക് വിപത്താണ് എന്നതിന്റെ ഗൗരവം ഉൾക്കൊണ്ട് പ്രോജക്റ്റ് പരാജയപ്പെടുവാനുള്ള കാരണങ്ങൾ പഠിച്ച് അവ ഒഴിവാക്കി പുതിയ പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

## 3-17 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം - 25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും ടിയാനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര് - തയ്യിൽ റോഡ് മെയിന്റനൻസ്

പ്രോജക്റ്റ് നം. - 33/18

കരാറുകാരൻ - ജോർജ്. ടി.ജെ

പി.എ.സി - 362212/-

ബിൽ നം. - 69/17-18/12.1.18

3.07.2017 ൽ നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ ഇല്ലാതെ കരാർ ചമയ്ക്കേണ്ട അവസാന തീയതി - 20.07.2017

കരാർ ചമച്ചതായി മുദ്രപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതി 14.7.17 എന്നാണ്. എന്നാൽ ടി മുദ്രപത്രം കുത്തിയതോട് വെണ്ടർ ശ്രീ. കെ. അജിത് കുമാറിൽ നിന്നും 29.7.17 ലാണ് വാങ്ങിയിട്ടുള്ളത്. 29.7.17 ൽ വാങ്ങിയ മുദ്രപത്രത്തിൽ 14.7.17 ൽ കരാർ ചമച്ചു എന്നത് അസാധ്യമാണ്. നിയമ പ്രകാരമുള്ള സമയ പരിധിയിൽ കരാർ ചമച്ചിട്ടില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്. ആയതിനാൽ ടിയാനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്.

പിഴ - 1% = 362212/- X 1% = 3622/- രൂപ

*അളവ് ബുക്കിലെ രേഖപ്പെടുത്തലുകളിൽ പൊരുത്തക്കേട്*

പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 20.11.17 ൽ തയ്യാറാക്കി നൽകിയതിന്റെ അടിസ്ഥാനത്തിലുള്ള അളവുകൾ പ്രകാരമാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ അളവ് ബുക്കിൽ (നം. 99/16-17 പുറം - 8) 16.8.2017 ൽ പ്രവൃത്തി പൂർത്തീകരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകതകളിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി. എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കി ഒടുക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മാറ്റം വന്നതിനാൽ ആവശ്യകത പ്രകാരമുള്ള അളവിൽ പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയാണുണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. ടി നടപടി ക്രമ വിരുദ്ധമാണ്. എസ്റ്റിമേറ്റിൽ മാറ്റം ആവശ്യമായി വരുന്ന പക്ഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയ ശേഷം മാത്രം പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ക്യാഷ് ബുക്ക് പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. 2017 ഒക്ടോബർ മാസം വരെയുള്ള വിവരങ്ങൾ മാത്രമാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
2. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

3. പി.ഡബ്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.
4. ടെണ്ടർ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. (കരാറുകാരന്റെ പേരും, തുകയും മാത്രമാണ് രേഖപ്പെടുത്തുന്നത്.)
5. തൻവർഷം നടപ്പാക്കിയിട്ടുള്ള പല പ്രവൃത്തികൾക്കും ലഭിച്ചിരുന്ന എസ്റ്റിമേറ്റ് നിരക്കിലുള്ള സിംഗിൾ ടെണ്ടറുകൾ റീടെണ്ടർ നടപടി ക്രമങ്ങൾ സ്വീകരിക്കാതെ അംഗീകരിച്ച് നൽകിയിട്ടുള്ളതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട കമ്മറ്റി തീരുമാനങ്ങൾ പോലും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. (ഫയലിൽ സൂക്ഷിച്ചിട്ടുള്ള പകർപ്പുകളിൽ എല്ലാം തന്നെ തീയതിയുൾപ്പെടെയുള്ള വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല) . തന്മൂലം കരാർ ചമയ്ക്കുന്നതിലെ സമയ ക്ലിപ്തത പരിശോധിക്കുവാൻ സാധ്യമല്ലാതാകുന്നു.
7. കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.
8. പ്രവൃത്തിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ മറുപടിയിൽ ഉദ്യോഗസ്ഥരുടെ കുറവു മൂലം രജിസ്റ്ററുകളും ഫയലുകളും കൃത്യമായി തയ്യാറാക്കുവാൻ സാധിച്ചില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-19 പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KCWWF ഇനത്തിലുള്ള തുകയുടെ 1%തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. ടി ഇനത്തിൽ വന്നിട്ടുള്ള വരവിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 3-20 LEDഗ്രാമം പദ്ധതി ശരിയായ ആസൂത്രണമില്ലാതെ പ്രോജക്ട് നടപ്പാക്കി

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ LEDഗ്രാമം പദ്ധതി (പ്രോജക്ട് നം. 431/18) എന്ന പ്രോജക്ട് ശരിയായ ആസൂത്രണമില്ലാതെയാണ് നടപ്പാക്കിയതെന്നു കാണുന്നു. 2016/17 വർഷം 22 വാർഡുകളിൽ 30 LED ലൈറ്റുകൾവീതം സ്ഥാപിച്ചിരുന്നു. 2017/18 വർഷവും 22 വാർഡുകളിൽ 30 LED ലൈറ്റുകൾ വീതം സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ വകയിരുത്തിയ തുക മിച്ചം ഉള്ളതിനാൽ 22 വാർഡുകളിൽ 52 LED ലൈറ്റുകൾവീതം സ്ഥാപിക്കുന്നതിനായി തീരുമാനിക്കുകയും ഇതിനു വരുന്ന 2991560/- രൂപയിൽ (52*22*2615=2991560) 1791560/- രൂപ വൌച്ചർ നം. 448/ 31-3-18 പ്രകാരം M/S എഡിസൺ ഇലക്ട്രോണിക്സിനു നൽകി. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2017/ 18വർഷം 30 LED ലൈറ്റുകൾവീതം 22 വാർഡുകളിൽ സ്ഥാപിച്ചതായാണ് കാണുന്നത്. 30 ലൈറ്റുകൾവീതം 22 വാർഡുകളിൽ സ്ഥാപിക്കുന്നതിന് ആകെ ആവശ്യമുള്ള ലൈറ്റുകൾ 660 എണ്ണം ആയതിനാൽ ആയതിന് വരുന്ന 1725900/-രൂപ കിഴിച്ച് ബാക്കി 65660/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിലവിൽ മറ്റ് തരം ലൈറ്റുകൾ സ്ഥാപിച്ചിരുന്ന പോസ്റ്റുകളിലാണ് ഇവ മാറ്റി LED ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ നിലവിലുണ്ടായിരുന്ന ലൈറ്റുകൾ പഞ്ചായത്തിനെ തിരികെ ഏൽപ്പിച്ചിട്ടില്ല. മാത്രമല്ല തൻവർഷം നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് റപ്പയർ എന്ന (S 454/18) പ്രോജക്ട് പ്രകാരം റിപ്പയർ ചെയ്ത ചില ലൈറ്റുകളും മാറ്റി LED ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നു. ഉദാഹരണമായി LED ലൈറ്റുകൾ സ്ഥാപിച്ചതായി കാണിച്ചിട്ടുള്ള വാർഡ് 1ലെ AR NH 82-L6, AR NH78, AR NH76-L2 എന്നീ പോസ്റ്റുകളിലെ ലൈറ്റുകളും, വാർഡ് 2ലെ KP 18/5/6/2ലൈറ്റും, വാർഡ് 3ലെ AR/ KPR/50/1എന്നീ ലൈറ്റും നന്നാക്കിയതിന് സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എന്ന (S 454/18) പ്രോജക്ട് പ്രകാരം എഡിസൺ

ഇലക്ട്രോണിക്സിനു പണം നൽകിയിട്ടുണ്ട്. ശരിയായ ആസൂത്രണമില്ലാതെ LED ലൈറ്റുകൾ സ്ഥാപിച്ചതിനാലാണ് ഇത്തരത്തിൽ അനാവശ്യ ചെലവ് വന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-21 യാത്രാ ബത്ത അധിക തുക നൽകി.

താഴെപ്പറയുന്ന ജീവനക്കാരുടെ യാത്രാപ്പടി മാറിയതിൽ (വൗച്ചർ നം. 1073, തീയതി - 25.01.2018, 37342/-, വൗച്ചർ നം. 1074, തീയതി - 25.01.2018, 7610/-) 24 മണിക്കൂറിനുള്ളിൽ പൂർത്തീകരിച്ചിട്ടുള്ള യാത്രകൾക്ക് രണ്ട് പ്രാവശ്യം ഇൻസിഡൻറൽ എക്സ്പെൻസ് ഇനത്തിൽ തുക നൽകിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കരുടെ പേര്, ഉദ്യോഗപ്പേര് | യാത്ര നടത്തിയ തീയതി | അധികം നൽകിയ ഇൻസിഡന്റൽ എക്സ്പെൻസ് | യാത്രയുടെ വിവരം |
|---|---|---|---|
| ജോജോസ് ബൈജു, സെക്രട്ടറി | 25.5.17 | 160 | തിരുവനന്തപുരം പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ അംഗൻവാടി പൊളിക്കുന്നതിനുള്ള വാല്യേഷൻ അംഗീകരിക്കുന്നതിന് പോയി വന്ന യാത്ര |
| ഭാമാദേവി, ജൂനി. സൂപ്രണ്ട് | 12.7.17 | 160 | കൊട്ടാരക്കര SIRD യിൽ സകർമ്മ സോഫ്റ്റ് വെയർ സംബന്ധിച്ച പരിശീലനത്തിൽ പങ്കെടുക്കുന്നതിന് പോയി വന്ന യാത്ര |
| കിരൺ. പി, അക്കൗണ്ടൻറ് | 12.7.17 | 160 | “ |
| ബിനിമോൾ. പി, സീനി. ക്ലാർക്ക് | 10.7.17 | 160 | “ |
| ജെൻസി. കെ. എം, സീനി. ക്ലാർക്ക് | 22.7.17 | 125 | “ |
| നജ്മുന്നീസ. റ്റി. ഇ, ക്ലാർക്ക് | 15.7.17 | 160 | “ |
| സനൽദേവ്.വി.എസ്, ക്ലർക്ക് | 6.7.17 | 125 | “ |
| അനിൽ. പി, ക്ലർക്ക് | 6.7.17 | 125 | “ |

| | | | |
|---|---|---|---|
| രജിമോൾ. കെ. എം, ക്ലർക്ക് | 15.7.17 | 125 | " |
| ആകെ | | 1,015 രൂപ | |

കേരള സർവ്വീസ് റൂൾ പാർട്ട് 2 റൂൾ 20 ബി പ്രകാരം 24 മണിക്കൂറിനുള്ളിൽ പൂർത്തീകരിക്കുന്ന യാത്രകൾക്ക് അനാമത്ത് ചെലവിനത്തിൽ ഒരിക്കൽ മാത്രമാണ് തുക അനുവദിക്കാനാകുന്നത്. ആയതിനാൽ അനാമത്ത് ചെലവിനത്തിൽ അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-22 ക്ഷാമബത്ത – കുടിശ്ശിക തുക അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

2017 നവംബർ മാസത്തെ 841, 852 നമ്പർ വൗച്ചറുകൾ പ്രകാരം മുൻസെക്രട്ടറിയായിരുന്ന ശ്രീ എസ് വേണുഗോപാലിന്റെ ക്ഷാമബത്ത കുടിശ്ശികയായി യഥാക്രമം 60,958/- രൂപ, 47724/- രൂപ എന്നിങ്ങനെ നൽകിയിട്ടുണ്ട്. 2009 ജൂലൈ മുതൽ 2015 ജൂലൈ വരെയുള്ള കാലയളവിലെ കുടിശ്ശികയാണ് അനുവദിച്ചിട്ടുള്ളത്. ഈ കുടിശ്ശിക മുമ്പ് അനുവദിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങളില്ല. തുക മുൻപ് അനുവദിച്ച് നൽകിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വ്യക്തത വരുത്തി, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-23 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ– ഇല്ലാത്ത വാറന്റിക്ക് പണം നൽകി.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നം. S409/18) 11 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ആൽഫാനെറ്റ് സിസ്റ്റംസ് ചേർത്തലയിൽ നിന്നും വാങ്ങി.ഒരു കമ്പ്യൂട്ടറിന് 5 വർഷ വാറന്റി ഉൾപ്പെടെ 39990/- രൂപയാണ് ആൽഫാനെറ്റ് സിസ്റ്റംസ് ഈടാക്കിയിട്ടുള്ളത്. എന്നാൽ വിതരണം ചെയ്ത കമ്പ്യൂട്ടറുകൾ പരിശോധന നടത്തിയപ്പോൾ ഇവയ്ക്ക് 3 വർഷ വാറന്റി മാത്രമാണ് എയ്സർ കമ്പനി നൽകിയിട്ടുള്ളത് എന്നു കണ്ടു. ഇല്ലാത്ത വാറന്റിക്ക് പണം നൽകിയെന്നാണ് ഇതു കാണിക്കുന്നത്. 5 വർഷ വാറന്റി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വിവരങ്ങൾ രേഖപ്പെടുത്തിയ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതും അതിൽ വാറന്റി സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

## 3-24 കളപ്പുരയ്ക്കൽ എസ്. ടി. കോളനി കമ്യൂണിറ്റി ഹാളിനായി ശരിയായ ആസൂത്രണമില്ലാതെ ചെലവ് ചെയ്യുന്നു.

2013/14 വർഷം നിർമ്മിച്ച കളപ്പുരയ്ക്കൽ എസ്. ടി. കോളനി കമ്യൂണിറ്റി ഹാളിനായി ശരിയായ ആസൂത്രണമില്ലാതെ ഓരോ വർഷവും ചെലവ് ചെയ്യുന്നുണ്ടെങ്കിലും നാളിതുവരെ കമ്യൂണിറ്റി ഹാളിന്റെ ഉദ്ഘാടനം നടത്തി ജനങ്ങൾക്ക് ഉപകാരപ്രദമാക്കുവാൻ സാധിച്ചിട്ടില്ല.

ഊരുകൂട്ടത്തിന്റെ മിനിറ്റ്സ് പരിശോധിച്ചാൽ കാണുന്നത് കമ്യൂണിറ്റി ഹാളിന് പരാധീനതകൾ മാത്രമെന്നാണ്. കമ്യൂണിറ്റി ഹാളിന്റെ ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കണം, ഗ്രിൽ തുരുമ്പെടുത്തതിനാൽ നന്നാക്കണം, തുടങ്ങിയ കാര്യങ്ങൾ ഊരുകൂട്ടത്തിൽ ഉയർന്ന് വന്നിട്ടുണ്ട്. മാത്രമല്ല എല്ലാ യോഗങ്ങളിലും കമ്യൂണിറ്റി ഹാളിന്റെ ഉദ്ഘാടനം എത്രയും പെട്ടന്ന് നടത്തണം എന്ന് അംഗങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഉദ്ഘാടനം പോലും നടത്താത്ത കമ്യൂണിറ്റി ഹാളിന്റെ പരാധീനതകൾ പരിഹരിച്ച് ഉദ്ഘാടനം നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു പകരം വ്യക്തമായ കാഴ്ചപ്പാടോ ആസൂത്രണമോ ഇല്ലാതെ ഫണ്ട് ചെലവഴിക്കുക എന്ന ഉദ്ദേശത്തോടെ പല പ്രവർത്തനങ്ങളും നടത്തിയതായാണു കാണുന്നത്.

2017/18 വർഷം വിവിധ പ്രോജക്ടുകളിലായി ഒരു അലമാര, 6ഗ്ലാസ് ഡോർ അലമാരകൾ, 2 മേശകൾ, 50 കസേരകൾ, 4 സീലിംഗ് ഫാനുകൾ, 6 ട്യൂബ് ലൈറ്റുകൾ, 124 പുസ്തകങ്ങൾ, ഒരു കമ്പ്യൂട്ടർ എന്നിവ കമ്യൂണിറ്റി ഹാളിനായി വാങ്ങിയിട്ടുണ്ട്. സാധനങ്ങൾ വാങ്ങി നൽകിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പോരായ്മകൾ കാണുന്നു.

1. ഉദ്ഘാടനം നടത്തുന്നതിനു മുൻപുതന്നെ ഇവ വാങ്ങി സൂക്ഷിക്കുന്നത് സാധനങ്ങൾ മോശമായി പോകുന്നതിന് ഇടയാക്കാം.

2. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ കളപ്പുരയ്ക്കൽ എസ്. ടി. കോളനി കമ്യൂണിറ്റി ഹാളിലേക്ക് ഫർണീച്ചർ & ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് (S189/18) എന്ന പ്രോജക്ടു പ്രകാരം ഗ്ലാസ് ഡോർ അലമാരകൾ വാങ്ങുവാൻ തീരുമാനിച്ചിരുന്നില്ല. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് 2016/17 വർഷം S352/17 -ാം നമ്പരായി പ്രോജക്ടിന് അനുമതി ലഭിച്ചിരുന്നു. എന്നാൽ ആ വർഷം പ്രോജക്ട് നടപ്പാക്കാൻ സാധിക്കാതിരുന്നതിനാൽ 2017-18 വർഷം സ്പിൽ ഓവർ ആക്കുകയാണുണ്ടായത്. 2016-17 വർഷത്തെ പ്രോജക്ടുമായി ബന്ധപ്പെട്ട് ഗ്ലാസ് ഡോർ അലമാര ഒഴികെ മറ്റുള്ളവ സപ്ലൈ ചെയ്യുന്നതിന് കൈരളി ഫർണീഷേഴ്സ് കലവൂരിനെ അംഗീകരിക്കുകയും 18-3-2017 ൽ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. എന്നാൽ ആ വർഷം പ്രോജക്ട് നടപ്പാക്കാൻ സാധിക്കാതിരുന്നതിനാൽ ഭരണസമിതിയുടെ 1-6-2017ലെ തീരുമാന പ്രകാരം പ്രോജക്ടിന് സ്പിൽ ഓവർ അംഗീകാരം നൽകുകയുണ്ടായി. അംഗീകാരം ലഭിച്ചതിനു ശേഷമാണ് 30-8-2017ൽ ഗ്ലാസ് ഡോർ അലമാരകൾ വാങ്ങുവാൻ തീരുമാനിച്ചത്. എന്നാൽ മൊത്തം പ്രോജക്ട് ചെലവിന്റെ 65% ത്തോളം വരുന്ന ഗ്ലാസ് ഡോർ അലമാരകൾക്ക് ടെണ്ടർ/ ക്വട്ടേഷൻ ക്ഷണിക്കാതെ വിൽപ്പനക്കാരൻ ആവശ്യപ്പെട്ട വില കൊടുത്തു വാങ്ങിയത് ക്രമപ്രകാരമല്ല. കളപ്പുരയ്ക്കൽ എസ്. ടി. കോളനി കമ്യൂണിറ്റി ഹാളിലേക്ക് സപ്ലൈ ചെയ്ത സ്റ്റീൽ അലമാരയ്ക്ക് പറഞ്ഞിട്ടുള്ള സ്പെസിഫിക്കേഷൻ തന്നെയാണ് ( 4 ഷെൽഫ്സ്, 198x40x48 cm, 18ഗേജ് ) ഗ്ലാസ് ഡോർ അലമാരകൾക്കും കൈരളി ഫർണീഷേഴ്സിന്റെ ബില്ലിൽ കാണിച്ചിട്ടുള്ളത്. ഫ്രണ്ട് ഗ്ലാസ് ഡോർ എന്നതു മാത്രമാണ് വ്യത്യാസമുള്ളത്. എന്നാൽ സ്റ്റീൽ അലമാരയ്ക്ക് 7074/- രൂപയാണ് വിലയെങ്കിൽ ഗ്ലാസ് ഡോർ അലമാരകൾക്ക് ഒരെണ്ണത്തിന് 12500/- രൂപ വില വന്നിട്ടുണ്ട്.
3. അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ S041/18-ാം നമ്പർ പ്രോജക്ട് പ്രകാരം 124 പുസ്തകങ്ങളും ഒരു കമ്പ്യൂട്ടറും കമ്യൂണിറ്റി ഹാളിനായി വാങ്ങിയിട്ടുണ്ട്. ഉദ്ഘാടനം പോലും നടത്താത്ത കമ്യൂണിറ്റി ഹാളിലേക്ക് ഇവ വാങ്ങിയത് ശരിയല്ല. ഇവ എങ്ങനെ ഉപയോഗിക്കുന്നു, ഇവയുടെ സൂക്ഷിപ്പുകാരൻ ആരാണ് തുടങ്ങിയ കാര്യങ്ങൾ വ്യക്തമല്ല.
4. നാളിതുവരെ കമ്യൂണിറ്റി ഹാളിലേക്ക് വാങ്ങിയിട്ടുള്ള സാധനങ്ങൾ കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 29-11-18ന് ഉദ്ഘാടനം നിശ്ചയിച്ചിട്ടുണ്ടെന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. ഉദ്ഘാടനം എത്രയും പെട്ടെന്ന് നടത്തി വാങ്ങിയ സാധനങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമാക്കുവാൻ അടിയന്തിര ശ്രമം നടത്തേണ്ടതും കമ്യൂണിറ്റി ഹാളിന്റെ പരാധീനതകൾ പരിഹരിക്കേണ്ടതുമാണ്.

## 3-25 ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ- നടത്തിപ്പിൽ അപാകത.

ICDS സൂപ്പർവൈസർ നടപ്പാക്കിയ ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ എന്ന സ്പിൽ ഓവർ പ്രോജക്ടിനായി (S191/18) ഭിന്നശേഷിയുള്ളവർക്ക് വിതരണം ചെയ്യുന്നതിനായി 19 ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങി ഇതിനായി ബിൽ നം. 12/14-2-18 പ്രകാരം 299999/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് കെൽട്രോണിനു നൽകി. പ്രോജക്ട് നടത്തിപ്പിൽ ചില അപാകതകൾ കാണുന്നു. പ്രോജക്ടുമായി ബന്ധപ്പെട്ട് നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല ഭിന്നശേഷിയുള്ളവർക്കായി വിതരണം ചെയ്യേണ്ട ഉപകരണങ്ങൾ സംബന്ധിച്ച വിവരങ്ങളും ഇവ ആർക്കൊക്കെയാണ് വിതരണം ചെയ്യേണ്ടതെന്നുമുള്ള രേഖ കെൽട്രോണിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിലും വാങ്ങുന്നതിനുമുൻപ് ഗുണഭോക്താക്കൾ ഇവ കൈപ്പറ്റുവാൻ തയ്യാറാണോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തിയിട്ടില്ല. 23-3-2017 ൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ നിന്നും ലഭിച്ച ലിസ്റ്റ് പ്രകാരമാണ് 10-1-18 ൽ കെൽട്രോണിനോട് ഉപകരണങ്ങൾ ആവശ്യപ്പെട്ടത്. ഈ കാലയളവിൽ ഉണ്ടാകാവുന്ന മാറ്റം നിർവ്വഹണഉദ്യോഗസ്ഥ പരിഗണിച്ചില്ല. തൻമൂലം മെഡിക്കൽ ക്യാമ്പിൽ റെക്കമെന്റ് ചെയ്യപ്പെട്ടതിനാൽ 5ട്രൈസൈക്കിൾ വാങ്ങിയെങ്കിലും 3എണ്ണത്തിന് ആവശ്യക്കാർ ഇല്ലാതെവന്നു. ഈ 3പേർക്ക് ട്രൈസൈക്കിൾ അല്ല വേണ്ടതെന്നും ത്രീവീലർ സ്കൂട്ടറാണ് വേണ്ടതെന്നും ഇവർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയതായി ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യേണ്ടിവന്നു. തൻമൂലം 2018 ജൂലൈ യിൽ മാത്രമാണ് വിതരണം പൂർത്തിയാക്കാനായത്. മെഡിക്കൽ ക്യാമ്പിൽ റെക്കമെന്റ് ചെയ്തു എന്ന കാരണത്താൽ ഉപകരണങ്ങൾ വാങ്ങാൻ ശ്രമിക്കാതെ ഗുണഭോക്താക്കൾ ഇവ വാങ്ങുവാൻ തയ്യാറാണെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-26 വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം-രേഖകൾ ഇല്ലാതെ ആനുകൂല്യം നൽകി

വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം ലഭിച്ച ശ്രീമതി ബിന്ദു. റ്റി, വിലങ്ങൂർ എന്നയാൾക്ക് ആനുകൂല്യത്തിനുള്ള അർഹത നിർണ്ണയിക്കുന്ന രേഖകളില്ലാതെയാണ് 30,000/- രൂപ നൽകിയിട്ടുള്ളത്. മകളുടെ

വിവാഹം നടന്നത് 27.10.2016 ലാണെങ്കിലും അപേക്ഷ സമർപ്പിച്ചതും ആനുകൂല്യം നൽകിയതും 2017-18 സാമ്പത്തിക വർഷത്തിലാണ്. ധനസഹായത്തിനായി ടിയാൾ സമർപ്പിച്ച അപേക്ഷയോടൊപ്പം ഭർത്താവിന്റെ മരണ സർട്ടിഫിക്കേറ്റ് ഹാജരാക്കുകയോ, മരണം സംഭവിച്ച തീയതി, സ്ഥലം, മരണകാരണം, എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ മകളുടെ വിവാഹ രേഖകളിലും പിതാവ് മരണപ്പെട്ടതായി രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ആവശ്യമായ രേഖകളുടെയും അപൂർണമായ അപേക്ഷയുടെയും അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29, തീ. 19.11.18) ലഭ്യമാക്കിയ മറുപടിയിൽ, അപേക്ഷകയുടെ ഭർത്താവ് ഉപേക്ഷിച്ച് പോയിട്ടുള്ളതാണെന്നും ആയതിന്റെ സാക്ഷ്യപത്രം വില്ലേജോഫീസിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും പകർപ്പ് നഷ്ടപ്പെട്ട് പോയെന്നുമാണ് അറിയിച്ചിട്ടുള്ളത്. അർഹരായ നിരവധി ഗുണഭോക്താക്കൾ ഉണ്ടെന്നിരിക്കെ അർഹതാ നിർണ്ണയത്തിനാവശ്യമായ അടിസ്ഥാന രേഖ പോലുമില്ലാതെ അനർഹർക്ക് ആനുകൂല്യം നൽകിയത് ശരിയായ നടപടിയല്ല. ഇത്തരം ആനുകൂല്യങ്ങൾ നൽകുമ്പോൾ ഏറ്റവും അർഹരായവർക്കു തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-27 അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് - വരവ് ചെലവ് തുകകളുടെ കൃത്യമായ വിവരം ലഭ്യമല്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ ദേശസാത്കൃത ബാങ്കിൽ എസ്.ബി അക്കൗണ്ടാണ് ആരംഭിക്കേണ്ടത്. എന്നാലിതിനു പകരം അസി. എഞ്ചിനിയർ എസ്.ബി.ഐ - യിൽ കറന്റ് അക്കൗണ്ടാണ് ആരംഭിച്ചിട്ടുള്ളത്. തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ള തുകകൾ ഈ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. അസി. എഞ്ചിനിയർ ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി അക്കൗണ്ടിലേയ്ക്കുള്ള വരവ് തുകകളുടേയും, അക്കൗണ്ടിൽ നിന്നുള്ള ചെലവ് തുകകളുടേയും കൃത്യമായ വിവരങ്ങൾ ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ടി അക്കൗണ്ടിനു 2017-18കാലയളവിൽ നൽകിയിട്ടുള്ള ചെക്കു ബുക്കിലെ 382251 മുതൽ 382257 വരെയുള്ള ചെക്കുകളിൽ തീയതി, പേര് വിവരം എന്നിവ രേഖപ്പെടുത്താതെ വിവിധ തുകകൾ രേഖപ്പെടുത്തി ആയത് ക്യാൻസൽ ചെയ്യാതെ ചെക്ക് ബുക്കിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. ഇത് ക്രമ വിരുദ്ധമായ നടപടിയാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അക്കൗണ്ടിലെ വരവ് ചെലവ് തുകകളുടെ കൃത്യമായ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 3-28 പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ് ക്രീയമായി തുടരുന്നു.

ഗ്രാമ പഞ്ചായത്തിന്റെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വളരെക്കാലമായി യാതൊരു വിധ പണമിടപാടുകളും നടത്താതെ നിർജ്ജീവമായി കിടക്കുന്നു. ടി അക്കൗണ്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | 31.3.18ലെ നീക്കിയിരുപ്പ് | പരാമർശം |
|---|---|---|---|---|
| 1 | എസ്.ബി.ഐ, അരൂർ | 10542607457 | 485195 | ലിറ്ററസി അക്കൗണ്ട്. 10.10.07 നു ശേഷം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |
| 2 | എസ്.ബി.ഐ, അരൂർ | 10542589378 | 328970 | 30.6.10 മുതലുള്ള പാസ്സ് ബുക്കാണ് ഹാജരാക്കിയിട്ടുള്ളത്. ടി പാസ്സ് ബുക്ക് പ്രകാരം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |
| 3 | യൂണിയൻ ബാങ്ക്, അരൂർ (ദുരിതാശ്വാസനിധി) | 607402010004228 | 4323 | 7.12.12 മുതലുള്ള പാസ്സ് ബുക്കാണ് ഹാജരാക്കിയിട്ടുള്ളത്. ടി പാസ്സ് ബുക്ക് പ്രകാരം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |
| 4 | എ.ഡി.സി.ബി, അരൂർ | 55 | 334149 | തനത് ഫണ്ട്. 2016-17 കാലയളവ് മുതൽ കാര്യമായ പണമിടപാടുകളൊന്നുമില്ല. |

ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വളരെക്കാലമായി നടന്നു കാണുന്നില്ല. ദുരിതാശ്വാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

വർഷങ്ങളായി പണമിടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 425000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 360775 | 64225 |
| | | 150000 | ആശ്രയ | -- | 150000 |
| | | 200000 | പാലീയേറ്റീവ് കെയർ | 200000 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | ലൈൻ എക്സ്റ്റൻഷൻ | 449220 | 50780 |
| | | 3465000 | ലൈഫ് പദ്ധതി | 2810000 | 655000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുത ലൈൻ വ്യാപനം- | 1. വൗച്ചർ നം. 475/18.08.2017 – 413480<br>2. വൗച്ചർ നം. 850/24.11.17 – 242480<br>3. വൗച്ചർ നം. 851/24.11.17 – 242480<br>4. വൗച്ചർ നം. 391/31.07.17 – 242480<br>5. വൗച്ചർ നം. 366/19.07.17- 27957<br>6. വൗച്ചർ നം. 902/07.12.17- 24176<br>7. വൗച്ചർ നം. 903/07.12.17 – 3783<br>8. വൗച്ചർ നം. 946/19.12.17 – 3784<br>9. വൗച്ചർ നം. | 1013646 | | 1013646 |

| | | | | | |
|---|---|---|---|---|---|
| | | 947/19.12.17 – 609<br>1013646 | | | |
| | അംഗൻവാടിയുടെ മുകളിലെ ലൈൻ മാറ്റൽ | വൗച്ചർ നം. 348/06.07.17 | 153767 | | 153767 |
| കേരള വാട്ടർ അതോറിറ്റി | അംഗൻവാടി വാട്ടർ കണക്ഷൻ-- | വൗച്ചർ നം. 1019/08.01.18 | 187000 | | 187000 |
| | ആകെ | | 1354413 | | 1354413 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്ക് പ്രകാരം 31.3.18 ൽ സ്ഥിര നിക്ഷേപമിനത്തിലുള്ള നീക്കിയിരുപ്പ് 10601817/- രൂപയാണ്. രജിസ്റ്ററിലും ടി തുക നീക്കിയിരുപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ സ്ഥിര നിക്ഷേപത്തിന്റെ വിശദ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അപാകത പരിഹരിച്ച് സ്ഥിര നിക്ഷേപം സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 162596/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-12 | 10000 | ഉണ്ണി, കാർത്തികേയൻ | 117040102419/5.8.17 |
| 2016-17 | 2-6 | 2500 | മാനേജർ, അബാദ് ഫിഷറീസ് | 117040500152/5.10.17 |
| 2016-17 | 2-12 | 10000 | ഉണ്ണി | 117040104460/16.11.17 |
| 2016-17 | 2-6 | 17200 | മെഡിക്കൽ ഓഫീസർ | 117040100502/ 26.4.17 |
| 2016-17 | 2-6 | 2888 | മാനേജർ, അബാദ് എക്സ്പോർട്ട്സ് | 117040500151/ 5.10.17 |

| | | | | |
|---|---|---|---|---|
| 2016-17 | 2-2 | 119127 | തഹസീൽദാർ, വാടക | 117040108408/ 20.3.18 |
| 2012-13 | 3-11 | 881 | എൻ.എസ്. ബാബു | 117040104971/6.12.17 |
| ആകെ | | 162596 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(3) | 2016-17 | 2 അനു: (4) | ട്രേഡേഴ്സ് ലിസ്റ്റ് സംബന്ധിച്ച് | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| 2015-16 | 2(6) | 2016-17 | 2 അനു: (5) | തൊഴിൽ നികുതി വരുമാന പത്രിക | തൊഴിൽ നികുതി വരുമാന പത്രിക നിശ്ചിത ഫോമിൽ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 125511846 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 111587312 |
| വരവിനങ്ങളിലുള്ള നഷ്ടം | 266599 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 164434 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4907608 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 100712 | | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 2-2 | 8521 | | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 2-3 | 7934 | | സഞ്ജു സൂസൻ മാത്യു, കൃഷി ഓഫീസർ |
| 2-4-1 | 7700 | | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 2-4-2 | 69560 | | |
| 2-5 | 10296 | | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 2-6 | 61876 | | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-4 | | 40495 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-5 | | 8830 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| | | 8830 | ശ്രീ. സുഭാഷ്, അസി.എഞ്ചിനിയർ |
| 3-7 | | 24728 | ശ്രീ. സുഭാഷ്, അസി.എഞ്ചിനിയർ |
| 3-8 | | 61770 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-10 | | 8260 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-16 | | 6884 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-17 | | 3622 | ശ്രീ. ഹരിലാൽ. കെ, അസി.എഞ്ചിനിയർ |
| 3-21 | | 1015 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| ആകെ | 266599 | 164434 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 (A to G) | 2046791 | ശ്രീമതി. സഞ്ജു സൂസൻ മാത്യു, കൃഷി ഓഫീസർ |
| 3-6 | 142037 | ശ്രീ. സുഭാഷ്, അസി. എഞ്ചിനിയർ |
| 3-9 | 41540 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-11 | 600000 | ഡോ. ജയിൻ രാജ്, മെഡിക്കൽ ഓഫീസർ അലോപ്പതി |
| 3-12 | 284720 | ശ്രീ. അനീഷ്, വി. ഇ. ഒ |
| 3-13 | 88000 | ശ്രീമതി. കെ. രേഖ, അസി.സെക്രട്ടറി |
| 3-14 (1) | 49914 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-14 (2) | 77420 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-14 (3) | 22113 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-15 | 1354413 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-16 | 135000 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-20 | 65660 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| ആകെ | 4907608 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോജോസ് ബൈജു,<br>സെക്രട്ടറി | സെക്രട്ടറി,<br>അരൂർ ഗ്രാമ പഞ്ചായത്ത് | അപ്പത്തറ ഹൗസ്,<br>പാതിരപ്പള്ളി.പി.ഒ, ആലപ്പുഴ |
| ശ്രീമതി. സഞ്ജു സൂസൻ മാത്യു,<br>കൃഷി ഓഫീസർ | സീനിയർ അഗ്രികൾച്ചർ ഓഫീസർ,<br>സ്റ്റേറ്റ് സീഡ് ഫാം, എടത്തുരുത്തി,<br>തൃശ്ശൂർ | പി.ആർ.ഡബ്ല്യൂ.എ-60,<br>പനോരമ റെസിഡൻസ്,<br>കുമാരനാശാൻ റോഡ്,<br>കലൂർ. പി. ഒ, എറണാകുളം |
| ശ്രീ. സുഭാഷ്.<br>അസി.എഞ്ചിനിയർ | അസി. എഞ്ചിനിയർ,<br>അരൂർ ഗ്രാമ പഞ്ചായത്ത് | രോഹിണി,<br>കാഞ്ഞിരംചിറ, |

| | | |
|---|---|---|
| | | ആലപ്പുഴ നോർത്ത്. പി.ഒ |
| ശ്രീമതി. കെ. രേഖ,<br>അസി. സെക്രട്ടറി | അസി. സെക്രട്ടറി,<br>അരൂർ ഗ്രാമ പഞ്ചായത്ത് | കല്പക, സി.എം.സി 33,<br>ചേർത്തല. പി. ഒ |
| ശ്രീ. ഹരിലാൽ. കെ,<br>അസി.എഞ്ചിനിയർ | - | ആറന്മുളയത്ത്,<br>പറക്കര. പി. ഒ, അടൂർ |
| ഡോ. ജയിൻ രാജ്,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ,<br>അരൂർ പി. എച്ച്. എസി | |
| ശ്രീ. അനീഷ്. കെ. ആർ,<br>വി.ഇ.ഒ | വി.ഇ.ഒ, അരൂർ | കുറഞ്ഞൂർ, അരൂർ. പി. ഒ,<br>ചേർത്തല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 ചെലവ് | എൽ.എഫ്.ജി.എ 9-751(1)/99 |
| 1996-97 വരവ് | എൽ.എഫ്.ജി.എ 9-704/02തീയതി. 13.11.02/19.06.03 |
| 1997-98 ചെലവ് | എൽ.എഫ്.ജി.എ 6-774(1)/00 തീയതി. 06.06.01/08.08.01 |
| 1997-98 വരവ് | എൽ.എഫ്.ജി.എ 9-951/02 തീയതി. 06.11.02 |
| 1998-99 ചെലവ് | എൽ.എഫ്.ജി.എ 9-697/02 തീയതി. 21.03.03 |
| 1998-99 വരവ് | എൽ.എഫ്.ജി.എ 9-97/03 തീയതി. 17.09.03/07.10.03 |
| 1999.00 വരവ് | എൽ.എഫ്.ജി.എ 9-98/03 തീയതി. 17.09.03/10.10.03 |
| 2000-01 | എൽ.എഫ്.ജി.എ8-863/08 തീയതി. 22.07.08/04.10.08 |
| 2001-02 വരവ് | എൽ.എഫ്.ജി.എ8-1363/07 തീയതി. 02.02.09 |
| 2001-02 ചെലവ് | എൽ.എഫ്.ജി.എ 8-888/08 തീയതി. 25.07.08 |

| | |
|---|---|
| 2002-03 | എൽ.എഫ്.ജി.എ8-419/09 തീയതി. 02.04.09 |
| 2003-04 | എൽ.എഫ്.ജി.എ 8-1365/07 തീയതി. 19.10.08 |
| 2004-05 | എൽ.എഫ്.ജി.എ 8-60/08 തീയതി. 06.11.08 |
| 2005-06 | എൽ.എഫ്.ജി.എ 8-161/08 തീയതി. 16.11.08 |
| 2007-08, 2008-09 | എൽ.എഫ്.ജി.എ 5-1577/13 തീയതി. 09.05.2014 |
| 2009-10 | എൽ.എഫ്.ജി.എ 5--1577/13 തീയതി. 09.05.2014 |
| 2010-11, 2011-12 | എൽ.എഫ്.ജി.എ5--1577/13 തീയതി. 09.05.2014 |
| 2012-13 | എൽ.എഫ്.ജി.എ പി 2-243/2015 തീയതി. 05.06.15/30.06.15 |
| 2013-14 | കെ.എസ്.എ/എ.എൽ.പി/പി2-1038/15, തീയതി – 02.11.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി2-783/16/ 16.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി2-1252/16 /09.11.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി13-1069/17 /14.8.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം - I

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(57)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 06.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അരൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്തിട്ടുള്ള അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - II

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്